
# വൈഖരി




**ഗവർമെന്റ് വൊക്കേഷണൽ**
**ഹയർ സെക്കന്ററിസ്കൂൾ ഇടയന്നൂർ**
**ഡിജിറ്റൽ മാഗസിൻ 2019**

..

ഇടയന്നൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ
ഹൈസ്കൂൾ വിഭാഗത്തിൽ
**ലിറ്റിൽ കൈറ്റ്സ്**
യൂണിറ്റ് ആരംഭിച്ച്
ഏതാണ്ട് ഒരു വർഷം
പൂർത്തിയാവുന്ന ഈ വേളയിൽ
അതിന്റെ പ്രഥമ സ്കൂൾ തല പ്രവർത്തനം
എന്ന നിലയിലുള്ള ഡിജിറ്റൽ
മാഗസിൻ **വൈഖരി** നിങ്ങൾക്കു സമർപ്പിക്കുന്നു

# പത്രാധിപ സമിതി അംഗങ്ങൾ

**ശ്രീമതി .ഉഷകരിയിൽ(എച്.എം )**

**ശ്രീ .സനൽ മാസ്റ്റർ (പി.ടി.എ.പ്രസിഡണ്ട് )**

**ശ്രീ .ഹരീന്ദ്രൻ കെ പി (സീനിയർ അസിസ്റ്റന്റ് )**

**ശ്രീ . സുധാകരൻ വി (കൈറ്റ്സ് മാസ്റ്റർ)**

**ശ്രീമതി . ബിന്ദു (കൈറ്റ്സ് മിസ്ട്രസ്)**

**ശ്രീമതി. നീതാ ക്ലവ (എസ്.ആർ .ജി.കൺവീനർ )**

**ശ്രീമതി . അംബുജം കടമ്പൂർ (വിദ്യാരംഗം )**

**ശ്രീമതി . രമണി ടീച്ചർ (വിദ്യാരംഗം )**

**ശ്രീ പി. കെ .പ്രേമരാജൻ (സ്റ്റാഫ് സെക്രട്ടറി )**

**ശ്രീ ശംസുദ്ധീൻമാസ്റ്റർ (പി.ഇ.ടി.)**

**ശ്രീമതി. ശ്രീലേഖ (പി. എസ് .ഐ .ടി .സി )**

**മാസ്റ്റർ. ആശ്രിത് മോൻ (കൈറ്റ്സ് അംഗം )**

**മാസ്റ്റർ .ധനജയൻ. ഓ( കൈറ്റ്സ്അംഗം )**
**കുമാരി .ആശ്രിത .പി. കെ (കൈറ്റ്സ്അംഗം )**



**ആശംസകൾ ... സനൽ മാസ്റ്റർ**
**പി ടി എ പ്രസിഡണ്ട്**




സ്കൂൾ ഹെഡ്മിസ്ട്രസ്
ശ്രീമതി ഉഷ കരിയിൽ



സ്കൂൾ സ്റ്റാഫ്

## ഉൾത്താളുകളിൽ ........


**ചരിത്ര പശ്ചാത്തലം ഒരവലോകനം** .........................ശ്രീ .എ .സി നാരായണൻ മാസ്റ്റർ..........

**ലിറ്റിൽ കൈറ്റ്സ് പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിന്റെ**

**ചാലക ശക്തി** ............ ..................................................സുധാകരൻ വി ......................

**മലാല എന്ന മാലാഖ** ......................................................................ദേവപ്രിയ സി സി .......

മരിയ.................................................................................ശ്രീമതി അംബുജം കടമ്പൂർ......

ഇസ്ക്ലൂസിവ് വിദ്യാഭ്യാസം എന്ത്,എന്തിന ?.........................ഷാജി കുമാർ .എൻ................

കാലാവസ്ഥാ വ്യതിയാനവും ജൈവ വൈവിധ്യ

സംരക്ഷണത്തിന്റെ ആവശ്യകതയും .................................സ്നേഹ സായിക്കിയ .................

NCC THE WAY OF LIFE AND NATION ...................P K PREMARAJAN ......

തത്തമ്മ ................................................................................സ്വാലിഹ .വി.പി................

പ്രളയമെന്ന പിശാച് ............................................................സങ്കീർത്തന വി പി.............

കണ്ണീരൊഴുക്കി .............................................................സങ്കീർത്തന വി പി.............

കുഞ്ഞു വാവ .................................................................സങ്കീർത്തന വി പി.............

വൈകിപ്പോയി ..........................................................സങ്കീർത്തന വി പി.............

മാർത്താണ്ഡൻ .............................................................സങ്കീർത്തന വി പി.............

മദ്യം..............................................................................സങ്കീർത്തന വി പി.............

അനാഥയുടെ വിഷുപ്പുലരി ...........................................സങ്കീർത്തന വി പി.............

INTERNET CHILDHOOD...........................................AMBILI P K...........

ഒരോർമ്മ ..................................................................അൻസില വി പി ............

എന്റെ അദ്ധ്യാപകൻ ......................................................ശ്രീനന്ദ പ്രകാശ്...........

പ്രളയ മഴ .................................................................ആര്യനന്ദ .കെ.............

വിളിക്കാതെ വന്ന അതിഥി  .........................................ആര്യനന്ദ .കെ.........

പ്രകൃതിയുടെ രോദനം ......................................................ആര്യനന്ദ .കെ.........

ജലസംരക്ഷണം ...........................................................അനന്യ ................

പ്രതീക്ഷയുടെ പുൽനാമ്പ് .................................................രേവതി എൻ ... .......

ശുഭാശാൻ................................................  സ്നേഹ സായിക്കിയ.....................

പ്രവർത്തന നിരതമായ വര്ഷം ....                          ചിത്രങ്ങളിലൂടെ ......................

# ചരിത്ര പശ്ചാത്തലം : ഒരുഅവലോകനം



കടപ്പാട് : ശ്രീ .എ .സി നാരായണൻ മാസ്റ്റർ

ഇടയന്റെ ഊര് എന്നറിയപ്പെടുന്ന ഇടയന്നൂരിൽ ആദ്യമായി ഒരു വിദ്യാലയം ആരംഭിച്ചത് ശ്രീ കുട്ടിയാടാൻ രാമൻ ഗുരുക്കൽ ആണ് ധനക്കീൽ എന്ന പറമ്പിൽ ആണ് ആ വിദ്യാലയം .അദ്ദേഹം അത് മഞ്ഞക്കുന്നിൽ മൊയ്‌ദീൻ എന്നവർക്ക് കൈമാറി .അദ്ദേഹംത്തിന്റെ മരണശേഷം മകൻ കമാൽ കുട്ടി കമല്ലുട മാനേജർ സ്കൂളും സ്ഥലവും കനിയാട്ട കമാൽ  എന്നവർക്ക് കൈമാറി .കട്ട ചുമരോട് കൂടിയ ഓല മേഞ്ഞ കെട്ടിടത്തിൽ ശ്രീ കോമത് കണ്ണൻ ഗുരുക്കളുടെ നേതൃത്വത്തിൽ അധ്യയനം നടത്തി വന്നു.

1926 ൽ പ്രസ്തുത സ്ഥാപനം ഡിസ്ട്രിക്റ്റ് ബോർഡ് ഏറ്റെടുത്ത വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു .ശ്രീ സി.എച്.കുട്ടിരാമൻനമ്പ്യാർ,ശ്രീകുഞ്ഞിരാമ മാസ്റ്റർ ,എന്നിവരായിരുന്നു മറ്റു അദ്ധ്യാപകർ. പൊളിഞ്ഞു വീഴാറായതും ചോർച്ചയുള്ളതുമായ കെട്ടിടത്തിൽ ക്ലാസുകൾ നടത്താൻ കഴിയാതെ വന്നപ്പോൾ അധ്യയനം ചാലോഡിൽ ഉണ്ടായിരുന്ന ബംഗ്ളാവ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലേക്കു ക്ക് മാറ്റി .സ്ഥാപനം നഷ്ടപ്പെടുമെന്ന ഘട്ടം വന്നപ്പോൾ നാട്ടുകാരുടെ പ്രേരണയാൽ കനിയാട്ട കമാൽ കെട്ടിടം പുതുക്കി പണിതു.വിദ്യാലയം വീണ്ടും വാടക കെട്ടിടത്തിൽ പ്രവർത്തിക്കാൻ തുടങ്ങി .

1956 ൽ പ്രസ്തുത സ്ഥാപനം ഹയർ എലിമെന്ററി സ്കൂൾ ആയി മാറി .മട്ടന്നൂരിൽ ചട്ടിയോത് എന്ന പറമ്പിൽ പ്രവർത്തിച്ചിരുന്ന ബോർഡ് എലിമെന്ററി സ്കൂളിൽ കുട്ടികളുടെ കുറവ് കാരണം അംഗീകാരം നഷ്ടപ്പെടുകയും ഈ സ്കൂളിനോട് ലയിപ്പിക്കുകയും ഉണ്ടായി .തുടർന്ന് 1957  ൽ ഗവർമെന്റ് അപ്പർ പ്രൈമറി സ്കൂൾ ആയും
മാറി. സർവ്വശ്രീ പാഴായെടത് കുട്ട്യപ്പ ,ആളൊരുകുഞ്ഞിരാമൻ നമ്പ്യാർ ,എം എം രാമുണ്ണി മാസ്റ്റർ തോണ്ടാൻ കുട്ടി മാസ്റ്റർ ,കനിയാട്ട കമാൽ ,ശങ്കുണ്ണി വൈദ്യർ ,എം നാരായണൻ നമ്പ്യാർ ,ചാത്തോത് ഗോവിന്ദൻ ആമേരി നാരായണൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു സ്കൂൾ അപ്പ്ഗ്രേഡ് ചെയ്യാനുള്ള ശ്രമം നടന്നത് .സർവ ശ്രീഒാ നാരായണൻ നമ്പ്യാർ ,ഉണ്ണിമാസ്റ്റർ ,മാധവി ടീച്ചർ ,ലീല ടീച്ചർ തുടങ്ങിയവരായിരുന്നു ആദ്യ അദ്ധ്യാപകർ .

1971 ൽ ശ്രീ കൊയ്യാൻ കണ്ണോത് കുഞ്ഞിരാമൻ ,ശ്രീ പി കെ ഗോപാലൻ നമ്പ്യാർ ,എന്നിവരുടെ കൈവശം ഉണ്ടായിരുന്ന ഒന്നര ആക്കെർ സ്ഥാലം സ്കൂളിന് വേണ്ടി ഏറ്റെടുക്ക പ്പെട്ടു . അന്ന്  പ്രഥമദ്യപകനായിരുന്ന ശ്രീ വി കെ രാഘവൻ നമ്പ്യാർ ,ശ്രീ പി ആനന്ദൻ എന്നിവരാണ് ഇതിനു ആവശ്യമായ ശ്രമം നടത്തിയത് .1976  ൽ മാത്രമാണ് സ്ഥാപനം പത്തു മുറികളും ഓഫീസും സ്വന്തമായുള്ള ലകെട്ടിടത്തിലേക്കു മാറിയത്



1971 ൽ ശ്രീ കൊയ്യാൽ കണ്ണോത് കുഞ്ഞിരാമൻ ,ശ്രീ 5 8 പി കെ ഗോപാലൻ നമ്പ്യാർ ,എന്നിവരുടെ കൈവശം ഉള്ള ഒന്നര ഏക്കർ സ്ഥലം സ്കൂളിന് വേണ്ടി ഏറ്റെടുത്തു.അന്ന് ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ പി കെ രാഘവൻ നമ്പ്യാർ ശ്രീ പി ആനന്ദൻ ,എന്നിവരാണ് ഇതിനു ആവശ്യമായ ശ്രമം നടത്തിയത് .1976 ൽ മാത്രമാണ് സ്ഥാപനം സ്വന്തം കെട്ടിടത്തിലേക്ക് മാറ്റപ്പെട്ടത് .പത്തു ക്ലാസ് മുറികളും ഒരു ഓഫീസിൽ മുറിയും ഉൾപ്പെടുന്ന കെട്ടിടമായിരുന്നു അത് .



1980 ൽ സർവ്വശ്രീ കെ മൊയ്ദീൻ കുട്ടി ഹാജി ,സി. എം ആയമ്മദ്കുട്ടി ,എം.രാഘവൻ മാസ്റ്റർ കെ.കുഞ്ഞിക്കണ്ണൻ എന്നിവർ ഭാരവാഹികളായ കമ്മിറ്റി ഈ വിദ്യാലയം ഹൈസ്കൂൾ ആയി ഉയർത്തുന്നതിന് ആവശ്യമായ പ്രവർത്തനം നടത്തി. ഒരേക്കർ സ്ഥലവും നാല് ക്ലാസ്സ്മുറികൾ ഉൾപ്പെടുന്ന കെട്ടിടവും എടുത്ത് സർക്കാരിന് കൈമാറണം എന്നായിരുന്നു നിബന്ധന.നിശ്ചിത ദിവസത്തിനുള്ളിൽ സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ പണം സ്വരൂപിക്കാൻ പറ്റാതെ വന്നപ്പോൾ ഈ പ്രദേശത്തുള്ള പത്തൊൻപതു പേര് തങ്ങളുടെ കൈലുള്ള സ്വർണ വളയും ചൈനും ബാങ്കിൽ പണയം വെച്ചാണ് സ്ഥലം രജിസ്റ്റർ ചെയ്തു കടം എടുത്ത തുക പിന്നീട് കമ്മിറ്റ തിരിച്ച കൊടുക്കുകയായിരുന്നു ആ വര വർഷംകീഴല്ലൂർ ഗ്രാമ പഞ്ചായത്തിന് ലഭിച്ച മുഴവൻ തുകയും സ്കൂൾ കമ്മിറ്റിക്കു തന്നു കൊണ്ട്പഞ്ചായത്ത് ഭരണ സമിതി സഹായിച്ചിട്ടുണ്ട് .പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ഇ കുമാരൻ മാസ്റ്ററുടെ സഹായ സഹകരണങ്ങൾ പ്രതേകം സ്മരണീയമാണ് .ശ്രീ പി ആനന്ദൻ ,ശ്രീ കെ കെ ഭരതൻ എന്നിവരാണ് ഓഫീസ്സംബന്ധമായ കാര്യങ്ങൾക്കു ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയത്,അന്ന് പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ശ്രീ ഇ കുമാരൻ മാസ്റ്റർ ,എല്ലാവിധ സഹായങ്ങളും നൽകിയിരുന്നു.

1980 ജൂലൈ 21 നു ഹൈസ്കൂൾ ആയിക്കൊണ്ട് പ്രവർത്തനം ആരംഭിച്ചു .ശ്രീ കെ പി നാരായണൻ നമ്പ്യാർ ആണ് ഹെഡ്മാസ്റ്റർ ഇൻ ചാർജ് ആയി നിയമിക്കപ്പെട്ടതു .1983 ൽ മാത്രമാണ് ഹെഡ്മാസ്റ്റർ തസ്തിക അനുവദിച്ചത് .ശ്രീമതി പി രാജമ്മ ആയിരുന്നു ആദ്യത്തെ ഹെഡ്മിസ്ട്രസ്സ് തുടർന്ന് കാലാകാലമായി മാറി മാറി വന്നിരുന്ന പല ഹെഡ്മാസ്റ്റർ മാരും ഈ സ്ഥാപനത്തിന് വേണ്ടി സ്തുത്യര്ഹമായ സേവനം അനുഷ്ഠിച്ചു കൊണ്ടാണ് ഈ വിദ്യാലയം ഇന്നത്തെ നിലയിൽ എത്തിയിരിക്കുന്നത് .സർവ്വശ്രീ ജി ശാരദാമണി ,എം.ജെ ആഗ്നസ് ,എം.സി പരമേശ്വരൻ നമ്പ്യാർ ർ.ഗോപാലകൃഷ്ണൻ ,എ.എം നാരായണൻ നമ്പീശൻ ,കെ.ജി.മധുസൂദനൻ ,കോശി ഫിലിപ്പ്, പി.കെ കുഞ്ഞികൃഷ്ണൻ ,വി.പദ്മിനി ,ഡി.രാജു ,പങ്കജം കണിയാംപറമ്പിൽ ,ഡോക്ടർ സി വാസു ,കെ.ബാലകൃഷ്ണൻ കെ.സി വിജയൻ ,എ.മൂസ തുടങ്ങിയവരെ നന്ദി പൂർവം സ്മരിക്കുന്നു .ഓരോ വർഷവും കുട്ടികളുടെ എണ്ണം കൂടിക്കൂടി വരികയായിരുന്നു .ഓരോ ഘട്ടത്തിലും പി ടി എ യുടെ നേതൃത്വത്തിൽ ഓല ഷെഡ് പണിതു സ്ഥലം ഒരുക്കി .അകലങ്ങളിൽ നിന്ന് ഓലയും മുള, കവുങ്ങും കടത്തിക്കൊണ്ടുവന്നു ഷെഡ് കെട്ടി പുതക്കലിനു നേതൃത്വം നല്കലായിരുന്നു അദ്ധ്യാപകരുടെ പ്രധാന ജോലി .

1990 ൽ ദശവാര്ഷികത്തോടനുബന്ധിച്ച പി ടി എ യുടെ നേതൃത്വത്തിൽ നാട്ടുകാരുടെ സഹകരണത്തോടെ എൺപതിനായിരം രൂപ ചെലവിൽ ഒരു സ്റ്റേജ് നിർമ്മിക്കുകയുണ്ടായി .അന്ന് ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ കെ ജി മധുസൂദന മാസ്റ്റർ ആയിരുന്നു ഇതിനു നേതൃത്വത്തെ നൽകിയത് തുടർന്ന് ഹെഡ് മാസ്റ്റർ ആയി വന്ന ശ്രീ കോശി ഫിലിപ്പിന്റെ ശ്രമഫലമായി എൻ സി സി യുടെ ഒരു യൂണിറ്റ്അനുവദിച്ചു കിട്ടി .ശ്രീ പി വി സുരേശൻ മാസ്റ്റർ ആയിരുന്നു ആദ്യത്തെ എൻ സി സി ഓഫീസർ. അന്ന് പി ടി എ പ്രസിഡന്റ് ആയിരുന്ന ശ്രീ കെ മുഹമ്മദ് ഹാജി സ്വതം ചെലവിൽ ഒരു കിണർ കുഴിച്ചു സ്കൂളിന് സംഭാവന നൽകുകയുണ്ടായി .



1994 ൽ പി ടി എ യുടെ ശ്രമഫലമായി ഇന്ദിരവികാസ് യോജന പദ്ധതിയിലൂടെ സ്വരൂപിച്ച 10

അന്പതിനാലായിരം രൂപ ഉൾപ്പെടെ 75000 രൂപ ചെലവിൽ നാലു ക്ലാസ് മുറികൾ ഉൾപ്പെട്ട കെട്ടിടത്തിന് ഓടിട്ട മേൽക്കൂര പണിതു .1996 ൽ 5000 രൂപ സർക്കാരിലേക്ക് കെട്ടിവെച്ചതിന്ടെ ഫലമായി എൽ.ബി .എസ സെന്ററിന്റെ കീഴിൽ 5 കംപ്യൂട്ടറുകൾ സ്ഥാപിച്ച കമ്പ്യൂട്ടർ പഠനം ആരംഭിച്ച ഈ സ്കൂളിലെ പൂർവ വിദ്യാർത്ഥി ആയിരുന്ന ശ്രീ കെ ബാലകൃഷ്ണന്ടെയും അന്നത്തെ എം ൽ എ ആയിരുന്ന ശ്രീ കെ പി നൂറുദ്ധീൻടെയും ശ്രമഫലമായി 1996 ൽ 20 ക്ലാസ് മുറികൾ ഉൾപ്പെടുന്ന കെട്ടിടത്തിന് അനുമതി ലഭിച്ച .പി ടി എ പ്രസിഡന്റ് ആയിരുന്ന ശ്രീ കെ മുഹമ്മദ് ഹാജി തന്നെ നിർമാണ പ്രവർത്തി ഏറ്റെടുത്തു .കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിച്ചത് അന്നത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന ശ്രീ ഇ ടി മുഹമ്മദ് ബഷീർ ആയിരുന്നു .രണ്ടു വര്ഷം കൊണ്ട് നിർമാണം പൂർത്തിയായി .അന്ന് വിദ്യചകതിവകുപ്പ മന്ത്രി ആയിരുന്ന ശ്രീ പിണറായി വിജയൻ ആണ് കെട്ടിടത്തിന്റെ ഉത്ഘാടനം നിർവമഹിച്ചതു .അതോടെ ഓലപ്പുര തീരെ ഇല്ലാതായി

1997 ൽ അന്നത്തെ എം ൽ എ ആയിരുന്ന ശ്രീ കെ ടി കുഞ്ഞഹമ്മദിന്ടെയും പി ടി എ യുടെയും ശ്രമഫലമായി ഈ വിദ്യാലയം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ആയി ഉയർത്തപ്പെട്ടു തുടക്കത്തിൽ അക്കൗറ്റൻസി മാർക്കറ്റിങ് , മാർക്കറ്റിങ് ആൻഡ് സ്സെലസ്മാൻ ഷിപ് ,എന്നി കോഴ്സകൾ ആണ് അനുവദിച്ചത് .തുടർന്ന് കമ്പ്യൂട്ടർ ആപ്പ്ളിക്കേഷൻ ,മെഡിക്കൽ ലബോറട്ടറി ടെക്കനീ ഷൈൻ എന്നെ



കോസ്സുകളും അനുവദിക്കപ്പെട്ട പല പരാധീനതകളും ഉണ്ടായിട്ടുണ്ട് എങ്കിലും പി ടി എ യുടെ ശ്രമഫലമായി അവയെല്ലാം പരിഹരിക്കപ്പെട്ടു .എന്നിരുന്നാലും വി എച്ച്സ് ഇ വിഭാഗം പ്രവർത്തിക്കുന്നതിന് ആവശ്യമായ കെട്ടിടത്തിന്റെ അപര്യാപ്തത ഇപ്പോഴും നില നിൽക്കുന്നു .൨൦൦൦യി പി ടി എ ൨൦ സെന്റ് സ്ഥലം വിലകൊടുത്തു വാങ്ങി കളിസ്ഥലത്തിനോട് ചേർത്ത് .൨൦൦൩ ഐ വ്ഹസ് ക്ക ൨ ലക്ഷം രൂപ ചെലവിൽ ഒരു വർക്ഷോപ്പ് അനുവദിച്ച കിട്ടി .൩൦ കംപ്യൂട്ടറുകൾ ഉള്ള ഒരു കമ്പ്യൂട്ടർ ലാബും സജീകരിക്കപ്പെട്ടു .ജില്ലാ പഞ്ചായത്ത് മെമ്പർ ആയിരുന്ന ശ്രീ ണ് പി ചന്ദ്ര ബാബാബുവിന്റെ ശ്രമഫലമായി നായ്ക് ക്ലാസ് മുറികളുള്ള ഒരു കെട്ടിടം ജില്ലാ പഞ്ചായത്ത് അനുവദിക്കുകയുണ്ടായി .ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ വകയായി ഒരു പാചക പുരയും നിർമ്മിക്കപ്പെട്ടു .പച്ചയത്തിലെ പ്രൈമറി അധ്യാപകർക്ക് കോഴ്സ് നൽകുന്നതിന് രണ്ടു ലക്ഷം രൂപ ചെലവിൽ സി ർ സി കെട്ടിടവും പൂർത്തിയാക്കി .




൨൦൦൮ ഇത് ഹയർ സെക്കണ്ടറി വിഭാഗം കൂടി ആരംഭിച്ച സയൻസ് ഹ്യൂമാനിറ്റീസ് എന്നീ ബാച്ചുകളാണ് അനുവദിച്ച കിട്ടിയത് ഹയർ സെക്കന്ററി വിഭാഗത്തിന് വേണ്ടി ശ്രീ എ പി അബ്ദുല്ല കുട്ടി എം പി യുടെ വികസന ഫണ്ടിൽ നിന്ന് ൫ ലക്ഷം രൂപ ചെലവിൽ ഇരു നില കെട്ടിടം പണി തീർത്തു. തുടർന്ന് ഹയർ സെക്കന്ററി കോംപ്ലക്സ് കെട്ടിടം അനുവദിച്ച കിട്ടി. എങ്കിലും സഞ്ചിത പ്ലാനിൽ കെട്ടിടം നിർമ്മിക്കാൻ സ്ഥല പരിമിതി അനുവദിച്ചില്ല .പി ടി എ യുടെ ശ്രമഫലമായി ശ്രീ സി രാഘവൻ മാസ്റ്റർ ശ്രീമതി പി ഗിരിജ എന്നിവരുടെ കൈവശം

വൈഖരി

ഉണ്ടായിരുന്ന 65 സെന്റ് സ്ഥലം ജില്ലാപഞ്ചായത് വില കൊടുത്തു വാങ്ങി കെട്ടിടം നിർമിക്കുന്നതിന് 11 ആവ ശ്യമായ സ്ഥാലം നിരപ്പാക്കുന്നതിനു പി. ടി .എ. ക്കു ഒരു ലക്ഷത്തിൽ അധികം രൂപ ചെലവായി .ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ൩ നില കെട്ടിടത്തിന് ജില്ലാ പഞ്ചായത്ത് നബാർഡ് സ്ക്കിമിൽ ഉൾപ്പെടുത്തി അനുമതി നൽകിയെങ്കിലും കെട്ടിടത്തിന്റെ ഒരുനില മാത്രമേ പൂർത്തി ആയിട്ടുള്ളൂ നിർമിതി കേന്ദ്രം പണി തീർത്ത കെട്ടിടത്തിന്റെ ഉത്ഘാടനം അന്നത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന ശ്രീ എം എ ബേബി ആണ് നിർവഹിച്ചത് .കെട്ടിടത്തിന്റെ അടുത്ത ഘട്ട നിർമാണം പ്രവർത്തിക്കു എത്രയും വേഗം അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു .തുടർന്ന് ചുറ്റുമതിലിന്ടെ ഒരു ഭാഗം പണി തീർത്തു .കുടിവെള്ള സംവിധാനവും ടോയ്ലെറ്സ് സൗകര്യവും ഒരുക്കേറ്റുണ്ട് .ഇവക്കെല്ലാം ഫണ്ട് അനുവദിച്ചത് ജില്ലാ പഞ്ചായർത്ത ആണ് .

പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി ഈ വിദ്യാലയത്തിൽ ഒരു ഐ ഇ ഡി സെന്റർ പ്രവർത്തിക്കുന്നുണ്ട് .മുൻ എം ൽ എ കെ കെ ശൈലജ ടീച്ചറുടെ വികസന ഫണ്ട് ഉപയോഗിച്ച് ഒരു ബസ് അനുവദിച്ചു കിട്ടിയത് യാത്ര പ്രശനത്തിനു ഒരു പരിധി വരെ പരിഹാരമായി .നാഷണൽ സർവീസ് സ്ക്കിമിന്റെ പ്രവർത്തനം വളരെ നല്ല നിലയിൽ നടക്കുന്നുണ്ട് .ബൗദ്ധിക നിലവാകാരം മെച്ചപ്പെട്ടതോടു കൂടി അക്കാദമിക് നിലവാരവും മെച്ചപ്പെട്ടു .കഴിഞ്ഞ നാല് വര്ഷമായി സ് സ് ൽ സി 100 ശതമാനമാണ് വിജയം ഹയർ സെക്കന്ററി വിഭാഗത്തിലും വി.എച് .എസ .ഇ വിഭാഗത്തിലിയും 100 തോട് അടുത്ത് നിൽക്കുന്ന ,തുടർച്ചയായി 3 വര്ഷം എഛ്.എം . ആയും തുടർന്ന് എഛ്.എസ് .എസ്.വിഭാഗം പ്രിൻസിപ്പലും ആയി പ്രവർത്തിച്ചുവന്ന ശ്രീ .വി .ധനജയാണ് മാസ്റ്ററുടെ അക്കാദമിക് രംഗത്തുള്ള പ്രവർത്തനം പ്രശംസനീയമാണ് .വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും ഒരു കൂട്ടായ്മ വളർത്തി എടുക്കുവാൻ അദ്യേഹത്തിനു കഴിഞ്ഞിട്ടുണ്ട് .തുടർന്ന് ഹെഡ്മിസ്ട്രസ് ആയി ഈ സ്കൂളിൽ ചാർജ് എടുത്തിരുന്ന ശ്രീമതി അംബിക ടീച്ചറുടെ കാലത്തു സ്കൂളിന്റെ അച്ചടക്ക രംഗത് കാര്യമായ ചലനങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട് .ടീച്ചർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയി സ്ഥാലം മാറിയസ്ഥാനത് കഴിഞ്ഞ മൂന്ന് വർഷമായി ചാലോട് സ്വദേശിയും ദീർഘ കാലം ഇരിക്കൂർ സ്കൂൾ അധ്യാപികയുമായിരുന്ന ശ്രീമതി ഉഷകരിയിൽ ആ സ്ഥാനംഇപ്പോൾ അലങ്കരിക്കുന്നു .എല്ലാ കാര്യത്തിലും വളരെ സജീവമായി ഇടപെടുന്ന ടീച്ചറുടെ ഈ കാലയളവിൽ സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങളുടെ മെച്ചപ്പെടലിന്ടെ കാര്യത്തിൽ വളരേയധികം പുരോഗതി ദൃശ്യമാവുന്നുണ്ട് .ഹൈസ്കൂൾ ക്ലാസുകൾ മുഴുവനായും ഒറ്റയടിക്ക് ഹൈ ടെക് ആക്കി മാറ്റുന്നതിൽ ടീച്ചറുടെ പങ്ക് വളരെ വലുതാണ് .കമ്പ്യൂട്ടർ ലാബിൽ രണ്ടുതവണയായി 12 കംപ്യൂട്ടറുകൾ അനുവദിക്കപ്പെട്ടതും പ്രൈമറി വിഭാഗത്തിൽ ഒരു ക്ലാസ്സ്മുറി ഹൈടെക് ആയതും നമ്മുടെ സ്കൂളിന് ലിറ്റൽ കൈറ്റ് യൂണിറ്റ് അനുവദിക്കപ്പെടുന്നതും ഈ കാലയളവിലാണെന്നു എടുത്തു പറയേണ്ട വസ്തുതയാണ്.ഈ അവസരത്തിൽ തന്നെയാണ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ആയി ശ്രീ സജീവൻ മാസ്റ്ററും സേവന മനുഷ്ഠിച്ചിരുന്നത്. ഹയർ സെക്കന്ററി വിഭാഗത്തിന് ശ്രീ .ചന്ദ്രൻ മാസ്റ്ററും ,വി എച് എസ വിഭാഗത്തിന് ശ്രീ .ശ്രീ നിഷീത് സാറും നേതൃത്യം നൽകുന്നു .



വൈഖരി

കലാകായിക രംഗങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ ഇവിടത്തെ വിദ്യാര്ത്ഥികൾക്കു കഴിഞ്ഞു ഈ വിദ്യാലയത്തിന്റെ മുന്നോട്ടുള്ള യാത്രയിൽ നമുക്കും പങ്കാളികൾ ആവാം ഇതിന്ടെ നന്മ മാത്രമായിരിക്കണം നമ്മുടെ ലക്ഷ്യം

# ലിറ്റിൽ കൈറ്റ്സ്

## പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിന്റെ ചാലകശക്തി




സുധാകരൻ വി


കൈറ്റ്സ് മാസ്റ്റർ

ഇടയന്നൂർ യൂണിറ്റ്


ആധുനീകവിദ്യാഭ്യാസ പ്രക്രീയ പാരമ്പരാകൃതമായി നിലനിന്നിരുന്ന ചോക്ക് ,ബോർഡ് എന്നിവയിൽ മാത്രം ഒതുങ്ങി നിൽക്കേണ്ട ഒന്നല്ല മറിച്ച അതിനു ആധുനീക സാങ്കേതിക വിദ്യയുടെ കനത്ത പിൻബലം കൂടി വേണം എന്നതിന്റെ വിളംബരമായിരുന്നു പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈസ്കൂൾ ,ഹയർ സെക്കന്ററി തലങ്ങളിൽ സംസ്ഥാന തലത്തിൽ നടപ്പാക്കിവരുന്ന ഹൈടെക്ക് പദ്ധതി .സംസ്ഥാനത്തു ഏതാണ്ട് എല്ലാ വിദ്ധ്യാലയങ്ങളിലും ഇത് സാർവത്രീകമായി കഴിഞ്ഞു .ഹൈടെക് വിദ്യാഭ്യാസത്തിലൂടെയും അതിനോടനുബന്ധിച്ച് "സമഗ്ര" എന്ന വിദ്യാഭ്യാസ വിഭവ പോർട്ടലിന്റെയും ആവിർഭാവത്തോടെ ക്ലാസ്സ്മുറികളിൽ "ഹൈ ടെക് "സാങ്കേതിക വിദ്യ പ്രാവർത്തിക മായി തുടങ്ങി .ഭൗതീകസാഹചര്യങ്ങൾ കൃത്യമായി ഒരുക്കിയ സ്കൂൾ ക്ലാസ്സ്മുറികളിൽ ലക്ഷക്കണക്കിന് രൂപയുടെ ഹൈടെക് ഉപകരണങ്ങളാണ് വിന്യസിച്ചിട്ടുള്ളത് .ലാപ്ടോപ്പ് ,പ്രൊജക്ടർ ,സ്പീക്കർ ,വ്യത്യസ്തതരം കേബിളുകൾ ,റിമോട്ട് ഫിഷ്പ്ലേറ്റ്,സോക്കറ്റ്,മുതലായവ ഇതിൽ പെടും.
ഇവയുടെ ക്ലാസ് തലത്തിലുള്ള പരിപാലനവും പ്രവർത്തനങ്ങളും നടത്തുന്നതിൽ മറ്റ് കുട്ടികളെ അപേക്ഷിച്ച പ്രാവീണ്യമുള്ളവരാണ് ഓരോ ക്ലാസിലെയും ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ .ഈ ക്ലാസ്സിന്റെ തുടർച്ച തുടർന്നുള്ള വർഷങ്ങളിൽ നടക്കുന്നതോടെ എല്ലാക്ലാസ്സുകളിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സേവനം ലഭ്യമാവും.ലിറ്റിൽ കൈറ്റ്സൻടെ രൂപീകരണ ഘട്ടം മുതൽ അതിന്ടെ പ്രൊജക്റ്റ് സമർപ്പണം വരെയുള്ള ഘട്ടങ്ങളിലുള്ള മൊഡ്യൂൾ അനുസരിച്ചുള്ള പരിശീലനവും പ്രവർത്തനങ്ങളും കുട്ടികളിൽ ഉത്തരവാദിത്തബോധം വളർത്താനും ,അത് ഓരോ ക്ലാസ്സിലേക്കും പകർത്താനും ,അതുവഴി സ്കൂളിലേക്ക് പകർത്താനും പര്യാപ്തമാണ്.ഇത്തരം കുട്ടികൾക്ക് നൽകുന്ന പ്രത്യേക തരം പരിശീലനങ്ങൾ ആയ അനിമേഷൻ ,മലയാളം കമ്പ്യൂട്ടിങ്,ഇന്റർനെറ്റും സൈബർ സുരക്ഷയും,പൈത്തൺ ഗ്രാഫിക്സ്,റോബോട്ടിക്സ്,ഹാർഡ്വെയർ പരിശീലനം എന്നിവയെല്ലാം ഈ ആധുനീക യുഗത്തിൽ കുട്ടികളെ ഹൈടെക് മേഖലയിലേക്ക് കൈപിടിച്ചുയർത്താൻ സാധിക്കുന്ന ഒരു പ്രഥമ ഘട്ടമായി കാണാവുന്നതാണ്.സർവോപരി ഈ വിദ്യാർത്ഥികളാണ് ഇനി ഭാവിയിൽ സ്കൂളിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്തു അത് സമൂഹത്തിൽ വിവിധ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ എത്തിക്കേണ്ടത്.അതുകൊണ്ടുതന്നെ ലിറ്റിൽ കൈറ്റ്സ് എന്നത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ എല്ലാവിധ വിജയങ്ങൾക്കും ഉള്ള ചാലകശക്തിയാണെന്നു മാത്രമല്ല സ്കൂളിലെ അഭിഭാജ്യഘടകം കൂടിയാണ്.

## മലാല എന്ന മാലാഖ ........ദേവപ്രിയ സി സി 9 എ

നോബൽ സമ്മാനം ലഭിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയും 2014 ലെ സമാധാനത്തിനുള്ള നോബൽ സമ്മാനാര്ഹയുമായ മലാല പാക്കിസ്ഥാൻ താലിബാന്റെ ശക്തികേന്ദ്രമായ വടക്കു പടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിലെ സ്വാത്ത് ജില്ലയിലെ മിങ്കോറ എന്ന സ്ഥലത്ത് ജനിച്ചു .വിദ്യാഭ്യാസ യുവജന വനിതാ പ്രവർത്തകനും സ്കൂൾ ഉടമയും കവിയും ആയ നിയസ്സുദ്ധീൻ യൂസഫ് ആണ് പിതാവ് .




കവിയും പോരാളിയും ആയ മലായി നാഷ്ഠ വഴി വന്ദിനോടുള്ള ഇഷ്ടമാണ് മലാലക്ക് പിതാവ് ആ പേരിടാൻ കാരണം .രഘുഫൻ പബ്ലിക് സ്കൂൾ എന്ന പേരിൽ നിരവധി സ്കൂളുകൾ അദ്ദേഹം നടത്തുന്നുണ്ട് .വിദ്യാഭ്യാസ പ്രവർത്തകയാണ് മകളെ മാറ്റിയതും അദ്ദേഹമാണ് .2009 ജനുവരി 3 നു ബി .ബി .സി ഉറുദു ബ്ലോഗ് അവളെ പ്രശസ്തയാക്കി .പെൺകുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം നേടിക്കൊടുന്നതിനെതിരെയുള്ള താലിബാന്റെ നിരോധനത്തോടുള്ള പ്രതിരോധത്തിന്റെയും അതുമായി ബന്ധപ്പെട്ട സാമൂഹ്യ സക്രീയതയുടെയും പേരിലാണ് മലാല അറിയപ്പെടുന്നത് . 2012 ഒക്ടോബര് 9 നു ഒരു വധശ്രമത്തിൽ മലാലയുടെ തലക്കും കഴുത്തിനും ഗുരുതരമായി പരിക്കേറ്റു .സ്കൂൾ കഴിഞ്ഞു സ്കൂൾ ബസ്സിൽ വീട്ടിലേക്കു മടങ്ങുമ്പോൾ ആയിരുന്നു ആക്രമണം .ഒരു വെടിയുണ്ട അവളുടെ തല തുളച്ചു കയറി കഴുത്തിലൂടെ കടന്നു തോളെല്ലിന്ടെ അടുത്ത എത്തി.മരണത്തോട് മല്ലടിച്ചു ദിവസങ്ങളോളം കിടന്ന മലാലയുടെ തോളിൽ നിന്നും ഇംഗ്ലണ്ടിലെ ബര്മിങ്ഹാം ക്വീൻ എലിസബത്ത് ആശുപത്രിയിലെ ഡോക്ടറെര്മാര് വെടിയുണ്ട പുറത്തെടുത്തു .ക്രമേണ അവൾ സുഖം പ്രാപിച്ചു .മലാലക്ക് വെടിയേറ്റതോടെ അന്താരാഷ്ട്ര സമൂഹം പ്രതികരിച്ചു .അക്രമിയെക്കുറിച്ചു വിവരം നൽകുന്നവർക്ക് പാക് അധികൃതർ ഒരു കോടി പാക്കിതാണ് രൂപ സമ്മാനമായി പ്രഖ്യാപിച്ചു മലാലയുടെ ജന്മദിനം ഐക്യരാഷ്ട്ര സഭ മലാല ദിനമായി ആചരിക്കുന്നു സമാധാനത്തിനുള്ള നോബൽ സമ്മാനിച്ചതോടെ ഇന്റർനാഷണൽ യൂത്ത് പീസ് പ്രൈസ് മദർ തെരേസ്സ മെമ്മോറിയൽ അവാർഡ് ,ഫോർ സോഷ്യൽ ജസ്റ്റിസ് ,തുടങ്ങി ഒട്ടനവധി അവാർഡുകൾക്ക് മലാല അർഹയായി ." ഒരുകുട്ടിക്കും ഒരധ്യാപകനും ഒരുപേനക്കും ഒരു പുസ്തേഹകത്തിനും ലോകത്തെ മാറ്റാൻ ആകും "എന്ന് വിശ്വസിക്കുന്ന മലാല ലോകത്തിലെ എല്ലാ പെണ്കുട്ടികൾകളെയും വിദ്യാലയത്തിലെത്തിക്കുന്നതിനുള്ള പരിശ്രമത്തിനു നേതൃത്വം നൽകുന്നു .

കഥ　　വൈഖരി　　　　　　　　　അംബുജം കടമ്പൂർ



# മരിയ

സ്കൂളിന്റെ ഗേറ്റ് കടന്നു മരിയ നേരെ തെക്കോട്ടുള്ള റോഡിലേക്ക് നടന്നു "മ്യൂസിക് ക്ലാസ്സിൽ ചേരുന്നോ മരിയാ "മരിയ സബിതയുടെ ചോദ്യത്തിന് ചുമലനക്കി നിഷേധിച്ചുകൊണ്ട് അവൾ മുന്നോട്ടു നടന്നു "ട്യൂഷൻ ഉണ്ട് സബിതാ ഞാൻ ഇന്ന് മ്യൂസിക് ക്ലാസ്സിനില്ല ".എന്നുപറഞ്ഞു സുനിതയായും മറ്റൊരു വഴിയിലൂടെ നടന്നു പോയി ."മരിയാ നീ എങ്ങോട്ടാ " ധൃതിക്കിടയിൽ സുനിത ചോദിക്കാൻ മറന്നില്ല എന്നാൽ ഒട്ടും വേഗത യില്ലാതെ കൈയുയർത്തി അവൾക്കു പോകാൻ അനുമതി നൽകി മരിയ മുന്നോട്ട് പോയി ഒരുതരം ഏകാന്തത പൊതിഞ്ഞു പിടിച്ചുകൊണ്ടുള്ള നടത്തം അവൾക്കു ഇഷ്ടമാണ് .ഒരു പാട് കാര്യങ്ങൾ ചിന്തിച്ചു കൊണ്ടിരിക്കാം തന്നോടുതന്നെ തർക്കിക്കാം തന്റെ വിഡ്ഢിത്തം ഓർത്തു ഉള്ളിൽ ചിരിക്കാം അതിലുപരിയായി തന്റെ മനസ്സിൽ വരിവരിയായി നിൽക്കുന്ന പാട്ടുകളെ താലോലിക്കാം റോഡിനിരുവശവുംആരുമില്ലെന്ന് ഉറപ്പുള്ള ഇടങ്ങളിൽ അവൾ മൂളിക്കൊണ്ടു നടന്നു .സംഗീത ഗുരുക്കളൊന്നും അവൾക്കില്ലെങ്കിലും ഒരു നല്ല റേഡിയോ അവളുടെ അപ്പൻ വാങ്ങി കൊടുത്തിട്ടുണ്ട് .എല്ലാ എഫ് എം. നിലയങ്ങളും കിട്ടുന്നത് അവൾക്കു സന്തോഷിക്കാനുള്ള കാര്യമാണ് നടന്നത്അരമണിക്കൂറായെന്നതവളെ ബോധ്യപ്പെടുത്തിയത് കാൻസർ ആശുപത്രിയുടെ ഗേറ്റ് ആണ് .അവിടെ എത്തിയതും അവൾ അവിടെ യാത്ര അവസാനിപ്പിച്ചു .ഗേറ്റിനുള്ളിലൂടെ അവൾ അകത്തെ കെട്ടിടങ്ങളിലേക്കു നോക്കികൊണ്ടിരുന്നു .എത്ര വലിയ കെട്ടിടങ്ങൾ ആണ് അതിന്റെ മുറ്റം ഇന്റർലോക്ക് ചെയ്തു വൃത്തിയാക്കീട്ടുണ്ട് .മുറ്റത്തിന്റെ അരികുകളിൽ മനോഹരമായ പൂന്തോട്ടവുമുണ്ട് പത്തു പതുത്തപച്ചപ്പുല്ലുകൾ ഓജസ്സോടെ തഴച്ചു വളർന്നിട്ടുണ്ട്.വിവിധ പൂക്കളും ചിരിച്ചുല്ലസിച്ചു നിൽക്കുന്നു.അവൾ ഓരോ നിലയിലെ ബാൽകെണിയിലേക്കു നോക്കി .അവിടെ പ്രത്യക്ഷ പെടാറുള്ള മനുഷ്യരെ ക്കുറിച്ചു ഓർത്തു .പലതരം ക്യാൻസർ ബാധിച്ചവരാണ് അവിടെയുള്ളവരെന്നു പള്ളിയിലെ കുർബാനക്കിടയിൽ ഫാദർ പറയുന്നത് കേട്ടിട്ടുണ്ട്.വേദനയുടെ പറുദീസ സ്വന്ത മാക്കിയവൾ അതിനകത്തിരുന്നു ഞരങ്ങിയും നിലവിളിച്ചും ജീവിതത്തെ നീട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുന്നുണ്ടാകണം .വേണ്ടപ്പെട്ടവരുടെ സാന്നിധ്യം ലഭിക്കാതെ രോഗി എന്നാ സ്ഥാനാരോഹണം നേടി ഉപേക്ഷിക്കപ്പെടുന്നവരും ഉണ്ടാവും.അമ്മയുടെ മുലപ്പാലില് നിലവിളിക്കുന്ന കുഞ്ഞിന്റെ മുഖമോർത്തു നടുങ്ങുന്ന അമ്മമാരുണ്ടാവും .

മരിയക്ക് കരച്ചിൽ വരുന്നുണ്ട്. അവൾ ആ വലിയ ഇരുമ്പു ഗേറ്ററിൽ തലചായ്ച്ചു നിന്ന് .ആ കെട്ടിടങ്ങൾക്കുള്ളിലേക്കു കടന്നു ചെന്ന് എല്ലാവരെയും കാണണമെന്ന് ആഗ്രഹമുണ്ട് .ഒരിക്കൽ ശ്രമിച്ചതുമാണ് പക്ഷെകാവൽക്കാരും ഡോക്ടർമാരും തടഞ്ഞു ."എയി കുട്ടി അതിനകത്തു കാണാൻ കൗതുകങ്ങൾ ഒന്നുമില്ല മെഴുകുതിരിപോലെ ഉരുകി തീരുന്ന ജീവിതങ്ങളെഉള്ളൂ "എന്ന് പറഞ്ഞുകൊണ്ട് നെടുവീർപ്പിട്ടു കടന്നു പോയത് ഒരു പെൺ ഡോക്ടർ ആണ് .അവരോടു പിന്നയും കെഞ്ചനമെന്നുണ്ടായിരുന്നു പക്ഷെ കാവൽക്കാരൻ പുറത്തേക്കു വിരൽ ചൂണ്ടി .

"നീ ഒരു ചെറിയ പെൺകുട്ടിയാ അതിനകത്തെ ജീവിതം കണ്ടു സങ്കടപ്പെറ്റാണ്ടു പോകാൻ നോക്കു കൊച്ചെ" അയാളുടെ താക്കീതുകൾക്കു മുന്നിൽ മരിയ വെറുതെ നിന്നു.മരിയ എല്ലാ ദിവസവും ഗേറ്റിനരികിൽ എത്തി അവിടെ നിൽക്കുമ്പോൾ തന്റെ വേണ്ടപ്പെട്ടവർ ആരോ 15 അതിനകത്തുണ്ടെന്നു അവൾക്കു തോന്നും .ഒരിക്കൽ അവൾ ഗേറ്റിനരികിൽ തല ചേർത്ത് വച്ച് മനോഹരമായ ഒരു പട്ടു മൂളിക്കൊണ്ടിരുന്നു .കാവൽക്കറാണ് കൗതുകം തോന്നി "പാട്ടൊന്നു ഉറക്കെ പാടാമോ "എന്നയാൾ നനഞ്ഞ കണ്ണുകളോടെ ചോദിച്ചു .അമ്പരന്നു നിൽക്കുകയാണ് മരിയ

"ഓ അതിനെന്താ എനിക്ക് ഇങ്ങനെ പാടുന്നത് ഇഷ്ടമാണ്" അവൾ ആ പട്ടു വീണ്ടും പാടി .പാട്ടിന്റെ ഉച്ചസ്ഥായിയിൽ കെട്ടിടത്തിലെ മുറികൾ ചിലതു തുറക്ക പെട്ടതും ചിലർ ബാൽക്കണിയിൽ നിന്നതും മരിയ കണ്ടില്ല എല്ലാവരും കൗതുകത്തോടെ അതിലുപരി വേദനകൾ മറന്നു പതുക്കെ താഴേക്കിറങ്ങാൻ ശ്രമിച്ചു കൂട്ട് നിന്നവർ ഓടി വന്നു അവരെ ബലം പിടിച്ചു അകത്തേക്ക് കൊണ്ടുപോകുന്നതും മരിയ കണ്ടു അവൾക്കപ്പോൾ നിരാശ തോന്നിയതേ ഇല്ല

അന്ന് രാത്രിയിൽ അവൾ പൂമുഖത്തിരുന്നു അപ്പനോട് തന്റെ അനുഭവം പറഞ്ഞു അപ്പൻ മൂളി കേട്ടുകൊണ്ട് ആകാശത്തിലെ നക്ഷത്രങ്ങൾ ക്കിടയിൽ തിരഞ്ഞുകൊണ്ടേയിരുന്നു ആ തിരച്ചലിനൊടുവിൽ ആയാൽ മരിയയുടെ കൈകൾ ചേർത്ത് പിടിച്ചു വിതുമ്പി..

അപ്പന്റെ മനസ്സിനെ തണുപ്പിക്കാൻ അവൾ കന്യാമറിയത്തിന്റെ സ്നേഹത്തെക്കുറിച്ചു പാടി പള്ളിയിലെ പാട്ടുസംഗത്തിൽ മാറിയയുമുണ്ട് .അതിനാൽ മധുരമായ അവളുടെ ശബ്ദത്തിലലിഞ്ഞു അപ്പൻ വരാന്തയിലെ പുൽപായയിൽ കിടന്നു മയങ്ങും അപ്പനുറങ്ങിയാൽ മരിയ ആകാശത്തുള്ള നക്ഷത്രങ്ങളെ നോക്കി സംസാരിക്കും

പിറ്റേന്ന് സ്കൂൾ വിട്ടു മരിയ ആശുപത്രിയുടെ ഗേറ്റിനരികിൽ എത്തി .അന്ന് കാവൽക്കരനുണ്ടായിരുന്നില്ല അവൾ തലേന്ന് രാത്രി അപ്പനുവേണ്ടി പാടിയ പാട്ടു ഉറക്കെ പാടി അതിന്റെ അലയൊലികൾ ചെറുകാറ്റിലൂടെ ഒഴുകി കെട്ടിടത്തിനകത്തെ മുറിയിൽ പറന്നുതുടങ്ങി രോഗികൾ പതുക്കെ പുറത്തിറങ്ങി വരുന്നത് അത്ഭുതം കോരുന്ന കണ്ണുകളോടെ മരിയ കണ്ടു നിന്നു . പാട്ടു നിന്നതും എല്ലാവരും നിന്ന നിൽപ്പിൽ സ്തംഭിച്ചതും കണ്ടു മരിയക്ക് സങ്കടം വന്നു അവരുടെ രൂപം അവളെ ഞെട്ടിച്ചു കളഞ്ഞു തല മുണ്ഡനം ചെയ്തവരും, വിറവിറബാധിച്ചവരും,മൂത്രസഞ്ചി കൈയിൽകൊണ്ട് നടക്കുന്നവരും, കാഴ്ചക്ക് മഞ്ഞളേറ്റവരും ,പിന്നെ എന്തൊക്കയോ അവസ്ഥയിലുള്ളവരും ആയ പത്തു പതിനഞ്ചു രോഗികൾ അവരുടെ പിന്നാലെ പരിചരിക്കുന്നവരും എത്തി എല്ലാവരും മരിയയെ നോക്കി നിൽക്കുകയാണ് "ഒന്ന് പാടൂ മോളെ" ഒരു വൃദ്ധന്റെ ചുണ്ടുകൾ വിറപൂണ്ടു .മരിയ കർത്താവിന്റെ കരുണയെ കുറിച്ചാണ് പാടിയത് ഭൂമിയിലുള്ള വേദനകളെക്കുറിച്ചാണ് പാടിയത് മാലാഖമാരുടെ നനുത്തചിറകടിയൊച്ചപോലെ പാടിയ അവളുടെ പട്ടു കേട്ട് എല്ലാവരും അവരുടെ സ്വന്തം വേദന മറന്നു നിന്നു ചിലർ മുറ്റത്തും വരാന്തയിലൂടെ തളർന്നിരുന്നു ."ഈ മാലാഖയുടെ പേര് എന്താണ് "ഒരാൾ ചോദിച്ചു മരിയ ഗേറ്റിന്റെ അഴികൾക്കിടയിലൂടെ അയാളുടെ വിരലുകൾ തൊട്ടു "ഞാൻ മരിയ നിങ്ങളെ കാണാനാണ് വരുന്നത് "അവരുടെ ചുണ്ടുകൾ വിറക്കുന്നതും വിരലുകൾ കൂമ്പുന്നതും കണ്ടുനിന്ന മരിയ വീട്ടിലേക്കു നടന്നു .അവരുടെ രൂപങ്ങൾ വീണ്ടും വീണ്ടുമഓർത്തു അവർക്കുവേണ്ടി ശബ്ദമില്ലാതെ പാടി അന്നത്തെ അന്തി പ്രാർത്ഥനയിൽ അവൾ കർത്താവിനോടു പറഞ്ഞത് ക്യാൻസർ ആശുപത്രിയിലെ രോഗികൾ സന്തോഷിച്ചതിനെക്കുറിച്ചാണ് കർത്താവേ അവരുടെ കണ്ണുകളിലെ വെളിച്ചത്തിൽ ഇന്ന് ഞാൻ അങ്ങയെ കണ്ടു അടുത്ത പ്രാർത്ഥന ചൊല്ലിയിരുന്ന അപ്പൻ അവളുടെ നെറ്റിയിൽ ഉമ്മ നൽകി കർത്താവിന്റെ തിരു രൂപത്തിൽ കണ്ണുകൾ കോർത്ത് അയ്യാൾ മുട്ട് കുത്തി യിരുന്നു അപ്പന്റെ പ്രാർത്ഥനയ്ക്ക് ഏകാന്തത നൽകി മരിയ മുറ്റത്തേക്ക് ഇറങ്ങി നിന്നു. ആകാശത്തിലെ നക്ഷത്ര കൂട്ടത്തിലിരുന്നു തന്റെ അമ്മ പാട്ടിന്റെ പാലാഴി തന്റെ ഹൃദയത്തിൽ കോരി നിരക്കുന്നതായി മരിയക്ക് തോന്നി ."അല്ലയോ അമ്മ നക്ഷത്രമേ ഭൂമിയിൽ നിന്റെ രോഗം അപ്പനും ഞാനും അറിയാതെ പോയത് കൊണ്ടാണ് അറിഞ്ഞിരുന്നുവെങ്കിൽ മനോഹരമായ പാട്ടുകൊണ്ട് ഞാൻ അമ്മയുടെ രോഗത്തെ മാറ്റി എടുക്കുമായിരുന്നല്ലോ ഏറെ നേരം മൗനമായിരുന്നു ശേഷം പതുക്കെ നക്ഷത്രത്തോടു സംസാരിച്ചു തുടങ്ങി ആ ആശുപത്രി ഗേറ്ററിൽ ഞാൻ ഇന്ന് പാടി ഞാൻ പാടുമ്പോൾ അവർ സന്തോഷിക്കുന്നുണ്ടെന്നു എനിക്ക് തോന്നി എന്റെ അമ്മയുടെ കടുത്ത വേദനകൾ അവരുടെ കണ്ണുകളിലാണ് ഞാൻ ഇപ്പോൾ കാണുന്നത് മരിയ മുഖം താഴ്ത്തി കുനിഞ്ഞു ഇരുന്നു നക്ഷത്രങ്ങൾ കൺ ചിമ്മി മരിയയുടെ നെറ്റിയിൽ ഉമ്മവെക്കാൻ  താഴ്ത്തേക്കു വന്നുകൊണ്ടേയിരുന്നു അതോടൊപ്പം അവൾ വൈകുന്നേരം ആശുപത്രി ഗേറ്റിൽ

**വൈഖരി**

**പാടിയ പാട്ടുകളും പതിഞ്ഞ  ശബ്ദത്തിൽ അവൾ കേട്ട് തുടങ്ങി .വേദനയുടെ പൂന്തോട്ടത്തിലെ വേലിക്കരികിൽ പാട്ടുപാടുന്ന പെൺകുട്ടി നിന്ടെ വരികളും ശബ്ദവും അവരുടെ മജ്ജയിലേക്കും മാംസത്തിലേക്കും ആത്മാവിലേക്കും പനിനീരായി പതിക്കുകയാണല്ലോ ആരോ ചെവിയിൽ മന്ത്രിച്ചത് പോലെ മരിയ മുഖമുയർത്തി പതുക്കെ പുഞ്ചിരിച്ചു ആ ശബ്ദത്തിനു തന്ടെ കൂട്ടുകാരിയുടെയും ടീച്ചറിന്റെയും കാവൽക്കാരന്ടെയും വേദനിക്കുന്ന മനുഷ്യരുടെയും ശബ്ദങ്ങളോട് സാമ്യമുണ്ടെന്ന് അവൾക്കു തോന്നി**

# ഇൻക്ലൂസിവ് വിദ്യാഭ്യാസം എന്ത് ? എങ്ങിനെ?



ഷാജികുമാർ എൻ
സ്പെഷൽ എഡ്യൂക്കേറ്റർ
ഇടയന്നൂർ ജി. വി. എച് . എസ്.എസ്.

വിശ്വ നായകൻ  നമുക്കായി ഒരുക്കിയ പ്രപഞ്ച സൗന്ദര്യം പഞ്ചേന്ദ്രിയങ്ങളിലൂടെ ആസ്വദിക്കുന്ന അനേകമാളുകൾ ഒരുഭാഗത്ത് ,ശാരീരിക മാനസിക പ്രയാസങ്ങൾ അനുഭവിക്കുന്ന ഒരുകൂട്ടമാളുകൾ മറുഭാഗത്ത് ,അവർക്കു സന്തോഷം നൽകാൻ,ജീവിത വിജയം നേടിക്കൊടുക്കാൻ നമുക്ക് കഴിയില്ലേ കഴിയും എങ്ങനെ വികലാംഗർക്കും ഒരു ജീവിതമുണ്ടെന്ന് തെളിയിച്ച- ജീവിതത്തിലൂടെ കാണിച്ചു തന്ന ലോകപ്രശസ്തരായ ഹെലൻ കെല്ലർ പറയുന്നു ."ആനി സല്ലവൻ എന്ന തന്റെ പ്രിയ ഗുരുനാഥയുടെ ആഗമനത്തിനു മുമ്പ് തന്റെ ജീവിതം തികച്ചും നിരാശാജനകമായിരുന്നു .അവരുടെ ശിക്ഷണത്തിലൂടെ ജീവിതത്തെ പ്രകാശത്തിൻറെ കിരണങ്ങൾ വീശി . ഇതുപോലെ നമ്മുടെ കുട്ടികൾ നമ്മളെ നോക്കി ഇപ്രകാരം പറയുമോ എന്ന് ഓരോ രക്ഷിതാവും അധ്യാപകനും ചിന്തിക്കണം.

ഒരുകാലത്ത് ന്യൂനപക്ഷത്തിന് മാത്രം ലഭിച്ചിരുന്ന സൗഭാഗ്യമായിരുന്നു  വിദ്യാഭ്യാസം.എന്നാൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ അതിനു മാറ്റം വന്നു .എങ്കിലും എത്രയോ കുട്ടികൾ ശാരീരിക ,മാനസീക ,സാമൂഹ്യ കാരണങ്ങളാൽ ഓപൊതുവിദ്യാലയത്തിൽ ഏതാ പെട്ടിരുന്നില്ല .ഇവരെ കൂടി പൊതുവിദ്യാലയത്തിന്ടെ ഭാഗമാക്കുക എന്ന ഉദ്ദേശത്തോടെ യാണ് ഉൾച്ചേർത്ത വിദ്യാഭ്യാസ രീതി നടപ്പാക്കികൊണ്ടിരിക്കുന്നത് .ഇൻക്ലൂസ്സിവ് വിദ്യാഭ്യാസം ശക്തിപ്പെടണമെങ്കിൽ അദ്ധ്യാപകൻ ,രക്ഷിതാവ് ,സഹപാഠി ,സമൂഹം ,എന്നിവരുടെ പങ്കു പ്രധാനപ്പെട്ടതാണ്.

**അധ്യാപകർ ::**

ന്യൂനതയുള്ള കുട്ടികളുടെ കഴിവുകളും പ്രസ്നങ്ങളും തിരിച്ചറിയാൻ അധ്യാപകന് കഴിയണം .കുട്ടിയുടെ പഠനപ്രസംങ്ങളും മറ്റുപ്രസ്നങ്ങളും യഥാ സമയംകണ്ടെത്തി പരിഹരിക്കാൻ കഴിയണം .ക്ലാസ്സിലെ എല്ലാ കുട്ടികളെയും പഠനത്തിലും മറ്റു പ്രസ്നങ്ങളിലും സഹായിക്കാൻ അധ്യാപകന് കഴിയണം .

**രക്ഷിതാവ് :**

തന്ടെ കുട്ടിയുടെ പ്രശനം എന്താണെന്നു ള്ള തിരിച്ചറിവ് ഓരോ രക്ഷിതാവിനും ഉണ്ടാവണം .കുട്ടിയുടെ പ്രശനങ്ങൾ നേരത്തെ കണ്ടെത്തി പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ വിദഗ്ധരിൽ നിന്ന് തേടണം .അന്ധവിശ്വാസങ്ങളുടെ പിറകെപോകാതെ ആവശ്യമായ സഹായങ്ങൾ സാഷ്ട്രീയമായി പരിശീലനം ലഭിച്ച സ്പെഷൽ അദ്ധ്യാപകരിൽ നിന്നോ കൗണ്സിലര്മാരില് നിന്നോ മാത്രം സ്വീകരിക്കേണ്ടതാണ് .കുട്ടിയെ സംബന്ധിക്കുന്ന യഥാർത്ഥ വിവരങ്ങൾ യഥാസമയം അദ്ധ്യാപകരെ അരിക്കണം .

ന്യൂനതയുള്ള ഉള്ള കുട്ടികളും തങ്ങളിൽ ഒരുവനാണ് എന്ന ബോധം ഒരോ സഹപാഠിക്കും ഉണ്ടാവണം .പഠനം എന്നത് ഒരു സാമൂഹ്യ വൽക്കരണമാണ് .അത് ശരിയായി നടക്കണമെങ്കിൽ ഗ്രൂപ് പഠനം ,സഹപാഠനം ,സഹവർത്തിത്വ പഠനം ,എന്നിവ അത്യാവശ്യമാണ് .

സമൂഹം :

ന്യൂനത ഉള്ള കുട്ടികൾക്കും സമൂഹത്തിന്റെ മുഖ്യ ധാരയിൽ ഇടപെട്ടു പ്രവർത്തിക്കാൻ അവസരം നൽകി സഹായിക്കേണ്ടത് പൊതുസമൂഹത്തിന്റെ കടമയാണ് .ഒന്നിച്ചുള്ള വിദ്യാലയ ജീവിതം കൊണ്ട് സമൂഹവുമായി ഇടപെടാനുള്ള അവസരം ഇത്തരം കുട്ടികൾക്കും ലഭിക്കുന്നു .നാളെ അവർ പ്രത്യേക ലോകത്തുജീവിക്കേണ്ടവരല്ല .പൊതു സമൂഹത്തിന്റെ സങ്കടങ്ങളും സന്തോഷങ്ങളും പങ്കിടേണ്ടവരാണെന്നുള്ള സത്യം ഓരോരുത്തരും തിരിച്ചറിയണം .

കരിക്കുലം ,പാഠ്യപദ്ധതി ;

കരിക്കുലം ,പാഠപുസ്തകം എന്നിവ തയ്യാറാക്കുമ്പോൾ ഇത്തരം കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ള പാഠവും പാഠ്യ പ്രവർത്തനങ്ങളും ഉണ്ടായിരിക്കണം .

ഭൗതിക സാഹചര്യങ്ങൾ :സസ്ക്കൂളിലെ ഭൗതിക സാഹചര്യങ്ങൾപ്രത്യേക പരിഗണന നൽകുന്ന കുട്ടികളെ കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള താരത്തിലായിരിക്കണം .

പൊതുവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സാധിക്കണമെങ്കിൽ ഇൻക്ലൂസ്സിവ് വിദ്യാഭ്യാസം ശക്തിപ്പെടുത്തണം .ശാരീരിക മാനസീക പ്രശനങ്ങൾ അനുഭവിക്കുന്ന കുട്ടികൾ വിദ്യാഭ്യാസത്തിന്റെ മുഖ്യ ധാരയിൽ എത്തിയാൽ മാത്രമേ ആ ലക്ഷ്യം കൈവരിക്കുകയുള്ളൂ .പഠന പ്രവർത്തനത്തിലും കല കായിക പ്രവർത്തനത്തിലും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്താൻ അധ്യാപകനായും ,രക്ഷിതാവും ,സഹപാഠിയും ,സമൂഹവും ,ഒന്നിച്ചു പ്രവർത്തിക്കണം.

ലേഖനം സ്നേഹ സായിക്കിയ .10 എ

# കാലാവസ്ഥ വ്യതിയാനവും ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ആവശ്യകതയും

നാം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ

കാലം മാറിവരുന്നമഴയും താപ വർധനവും ഇന്ന് സാധാരണമായിക്കൊണ്ടിരിക്കുകയാണ് താപനിലയിലെവർദ്ധനവ് മണ്ണിലെ ജലാംശവും സമുദ്രവും നീരാവിയായി മാറുന്ന തോത് വർധിക്കാൻ ഇടയാവുന്നു ഇത് മറ്റു ഭൂപ്രദേശങ്ങളിൽ പേമാരിക്കും വെള്ളപ്പൊക്കത്തിനും കാരണമാവുന്നു .അത് പൊടുന്നനെ വീടും സ്വത്തും മാത്രമല്ല ജീവനും അപഹരിക്കുന്നു .മറ്റു ചില പ്രദേശങ്ങൾ വരണ്ടു ഉണങ്ങി പോകുന്നതിനും കാരണമാവുന്നു .താപനില വർധിക്കുന്നത്

ഞ്ഞുരുകിസമുദ്രനിരപ്പ് ഉയരാണ് കാരണമാവുന്നു.ഇറ്റുതീരപ്രദേശവുംദ്വീപുംവെള്ളത്തിലാവാൻ

കാരണ മാവുന്നുb .മഴ പതിവിലുമധികം ലഭിക്കാൻ ഇടയാവുന്നു .പൊടുന്നനെ യുണ്ടാവുന്ന 18 വെള്ളപൊക്കം ,വരൾച്ച ,കാലം തെറ്റിയ കാലവർഷം ,ഇതെല്ലം ഭക്ഷ്യ വിളകളെ പ്രതികൂലമായി ബാധിക്കുന്നു .വന്യജീവിസമ്പത്തു ക്ഷയിക്കുന്നതിനും പല സ്പീഷീസും അന്യം നിന്നുപോകുന്നതിനു കാരണമാവുന്നു .സസ്യ ജന്തു സ്പീഷിസിന്റെ വംശ നാശത്തിന്റെ തോത് വർധിക്കും .ഉഷ്ണമേഖലാ വനങ്ങൾ, പവിഴപ്പുറ്റുകൾ മരുപ്രദേശങ്ങൾ ,ധ്രുവ പ്രദേശങ്ങൾ, തീരദേശ ചതുപ്പുകളും,മലപ്രദേശങ്ങൾ, താണ പ്രദേശങ്ങൾ എന്നീ വ്യത്യസ്ത ജൈയ്വ മണ്ഡലങ്ങളിലെ ആവാസവ്യവസ്ഥക താറുമാറാകും . കാലാവസ്ഥ വ്യതിയാനം

വരാനിരിക്കുന്നഅപകടങ്ങളിൽഒന്നല്ലഅത്വർത്തമാനകാലാനുഭവമാണ്ലക്ഷക്കണക്കിനാളുകൾ ഇപ്പോൾ തന്നെ അതിന്റെ  ദുരിതം പേറുന്നു .കാലാവസ്ഥാവ്യതിയാനംസംഭാവനചെയ്യുന്നതും അത് ഏറ്റവും കൂടുതൽ ബാധിക്കുന്നതും ജൈവവൈവിധ്യതിനെയാണ് .മനുഷ്യനുൾപ്പെടെ സർവ ചരാചരങ്ങളും നിലനിൽക്കുന്നത് ജൈവമണ്ഡലത്തിലാണ് .ജീവന്റെ ടിസ്ഥാനമായ  ഈ ജൈവവൈവിധ്യം നമ്മുടെ നിത്യ ജീവിതത്തിൽ ഒഴിച്ച് കൂടാൻ ആവാത്തതാണ്.നമ്മുടെ ആഹാരവും ജീവവായുവും മരുന്നും തുടങ്ങി നിരവധി പാരിസ്ഥിതിക സേവനങ്ങൾ ഈ വഴിവിധ്യംചെയ്യുന്നുണ്ട് .കാലാവസ്ഥ നിയന്ത്രണം ജൈവവൈവിധ്യത്തിന്റെ പരോക്ഷ നേട്ടങ്ങളിൽ ഒന്നാണ് .കാലാവസ്ഥാവ്യതിയാനവും മറ്റു പാരിസ്ഥിതിക പ്രശ്നങ്ങളും ജൈവ വൈവിധ്യം നാശോന്മുഖമാവുന്നതിനു കാരണമായി .ആസിഡ് മഴ ,ആഗോളതാപനം, ഹരിത ഗൃഹ പ്രഭാവം ,ഓസോൺ പാളിയുടെ ശോഷണം എന്നിവമൂലമുള്ള കാലാവസ്ഥാമാറ്റങ്ങൾ നിലവിലുള്ള ജൈവസമ്പന്നതയെ ക്ഷതമേല്പിച്ചുകൊണ്ടിരിക്കുന്നു .വികസനപ്രവർത്തനങ്ങളും വ്യവസായവൽക്കരണവും നഗരവൽക്കരണങ്ങളുമൊക്കെ ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാവുന്നു .ജൈവസമ്പത് നിലനിർത്തേണ്ടതും അതിന്ടെഒരുഭാഗമെന്നനിലയിൽമ്മുടെകർത്തവ്യമാവുന്നുകാലാവസ്ഥാവ്യതിയാനത്തിലൂടെ യും മറ്റും ഇല്ലാതായിക്കൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥകളെ ക്ഷതമേൽക്കാതെ ലനിർത്തുക വഴി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജൈവവൈവിധ്യത്തെ വീണ്ടെടുക്കാവുന്നതാണ്.



## NCC THE WAY OF LIFE AND NATION

**P.K.PREMARAJAN NCC OFFICER**

National cadet corps(NCC)the worlds largest youth training organisation help to develop charactor and pesonality and moulding the youth of today.childrens of today are the cityzens of tomarrow.so it is the duty of the adult to shaw the right path.The past is past but it govens our present and present contains the roots of the future.This means that the youth must build their future in advance by

improving the present .to do this each students should join any of the orginasition

in their instituition.NCC welcomes such energetic students.

MOTTO

UNITY AND DECIPLINE

AIM To develop charactor comradeship,decipline,leadership,secular,otlook,spirit of adventure,and the ideas of selfless service amogest the youth of the country.

to create the a human resource of organised trained and motivated youth to provide leadership in all walks of life and be always available for the service of the nation.To provide the a suitable environment to motivate the youth to take up a career in the armed force.

In the present scenario the national intagration is the need of the hour.it is the area that the NCCis required to play a vital role in spreding the message of unity and harmoney .This NCC is the way of buiding the nation.the energy of the dyanamic and vibrant youth can be har nessed and chanalised towards tghe progress of our nation.Our former president Dr. A P.J Abdul kalam strongly beliefs in the power of youth as the young children of today are the future of the nation.In this time of spirit Mahathma Ghandhi the father of nations remarkable comment on decipline is very worhful.According to him if boys and girls do not learn decipline in the school days money and time spent on their education is a national wastage .Being an indian proud of it.Let us try to fulfill the dreams of gandhiji.NCC is considered the second wimg of military.Students ar recruited as cadents in the three wings of military wiz army Navy and Air force.In high school boys and girls are known as JD and JW and his colleges they are known as senior division and senior wings respectivly.Seperate training are given to the caddet in concerned wing.ANO'S and PI staff conducting the classes and drill to the caadets.Apartfrom drill NCC conducts various type of social sevices and adventourous actvities.Tree plantaton AIDS awareness programm Anti-narcotic awareness Rally Blood donation camp road

വൈഖരി

safty awareness class cleaning and heigenic activities and trucking cycle expedition

sailing expledition are some of them. Cadets are providing two years of training incliuding participation in defferent camps at state and national levels .Cadets are awarded A, B ,C grade and certificate in respect of their performance in written examination .Various types of incentives are also provided by state and central goverment to the cadets based on provisioncy and merit.Cash awards trophiees and medals by goverment of kerala are also provided timely.Academic incentives like grace mrks and grades benefits to the cadets.Certain percentage of seats are reserved to plus two, degree,and pos-graduate and professional courses .Thus NCC providesthe best benefits to the cadets.

## തത്തമ്മ

**കവിത** **സ്വാലിഹ പി വി 5 എ**

**തത്തമ്മേ തത്തമ്മേ**

**കാട്ടിൽ പാറി നടക്കും തത്തമ്മ**

**കൊമ്പത്തിരുന്ന് രസിക്കും നീ**

**ചുണ്ടിൽ ചുവന്ന നിറത്തിൽ നിന്നെ ക്കാണാൻ**

**എന്ത് ഒരഴകാണ് നിന്നെക്കാണാൻ**

**നീ എങ്ങോട്ടാണീ പോകുന്നത്**

**എന്നോടൊന്നും പറയാതെ**

**തത്തമ്മേ തത്തമ്മേ നീ തനിച്ചാണോ**

**പോവുന്നത്**

വേഗം പോയി വേഗം വരണം
നീ എന്നെയും കൂടെ  കൂട്ടാമോ
നീ എങ്ങോട്ടാണീ ണ് യാത്ര

# പ്രളയമെന്ന പിശാച്

പമ്പയും  കമ്പനിയും .......എല്ലാ നദികളും.....
കുത്തിയൊലിച്ചൊരാ  ........പ്രളയകാലം

പച്ച വിരിപ്പിട്ട സഹ്യനിൽ നിന്നൊക്കെ
ജലരേഖകൾ പൊട്ടിയൊലിച്ച കാലം
കർഷകർ തന്നുടെ പ്രതീക്ഷകളും
കേരളീയരുടെ സ്വപ്നങ്ങളും
വെള്ളത്തിലാഴ്ത്തൊറ ഓരോർമ്മ കാലം
ഏവരുംതുറ കണ്ണുകളാൽ നോക്കിടും
ഭീതിയില്ലന്നോരാ പ്രളയ കാലം

ദൈവവും പ്രകൃതിയും ഒത്തുചേർന്നാടിയ
താണ്ഡവകാലമാ ആപ്രളയകാലം
ദാരുണാന്ത്യങ്ങളും  നാശനഷ്ടങ്ങളും
നമ്മെ വിഴുങ്ങിയ ഓർമ്മ കാലം
സഹ്യനെ നാടായ ദൈവത്തിൻ നാടായ
നമ്മുടെ കേരളത്തിന് എന്തുപറ്റി
അറിയില്ല അറിയില്ല ആർക്കും അറിയില്ലല്ലോ
നമ്മുടെ കേരളത്തിന് എന്തുപറ്റി
പ്രണയം വിഴുങ്ങിയ കേരളത്തെ ഇനി
നവകേരളം ആക്കാൻ സാധ്യമാണോ
ഈ നവകേരളം ആക്കാൻ സാധ്യമാണോ

വൈഖരി

**കണ്ണീരൊഴുക്കി സങ്കീർത്തന .വി.പി.9 എ**

തീയിട്ടെരിച്ചനസ്സുകളിലെക്കോടി
ഓടിക്കിതച്ച പാഞ്ഞെത്തി
ചെകുത്താന് ഈറൻ കരങ്ങൾ
പ്രളയക്കെട്ടുതി നക്കിക്കുടിച്ച
ജീവിതം വെറുമൊരനാഥ വേഷം
ആഡംബരത്തിനു ധൂർത്തടിച്ചവൻ ഇന്ന്
കൈ നീട്ടി നിൽക്കുന്ന പൊതിച്ചോറുമായി
കമ്പനിയും പെരിയാറും നീരിറ്റൊഴുക്കി
ഡാമായിമാറിയ എൻ നാടിന്നു
ദൈവത്തിന് പരസഹായത്തിനായി

പ്രാർത്ഥനയിൽ
ടാറിട്ട റോഡിനു ഒഴുകുന്ന വെള്ളത്തിൽ
കാറിനു തോണിയായി മാറിക്കഴിഞ്ഞു
ജീവന്റെ മഹാസാഗരത്തിന്നു മേൽ

ഒഴുകിപ്പോകുന്ന വെള്ളപ്പാച്ചിൽ
ദൈവം അനുഗ്രഹിച്ച് ഒരു പൊൻകേരളം
ദൈവത്തിൻ സ്വന്തം നാടായി മാറീടുന്നു
ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയും ചേർന്ന്
പ്രാർഥനാഗീതം മുഴക്കിടുന്നു
പ്രകൃതിക്കു നൽകിയ പീഡനങ്ങൾ ക്കായി
തിരിച്ചടി നൽകിയത് പ്രളയകാലം
ഏതു ദൈവത്തിൻറെ രക്ഷയാണ്
ദൈവം സഹായകരമായത്
ഓർക്കുക മനുഷ്യാ ഇനിയെങ്കിലും നീ
വെട്ടിമാറ്റുക വികസനങ്ങൾ
ചിന്തിക്കു നാടിനായി
കെട്ടിപ്പണിയുക വന സാഗരം
ഒത്തു കൈകോർക്കുക സാഹോദര്യത്തിനും
ചങ്ങല തീർത്തൊരു ഭൂമിയാക്കാം
പ്രളയക്കെടുതിക്ക് ആശ്വാസമായി നൽകാം
കുന്നും മരവും കൃഷി ഭൂമിയും
വീണ്ടെടുക്കാൻ കേരളക്കരയെ
ദൈവത്തിൻ സ്വന്തം നാടായ മാറ്റാം

സങ്കീർത്തന .വി.പി.9 എ

# കുഞ്ഞുവാവ

കുഞ്ഞിളം കാലുകൊണ്ട് പിച്ചവെച്ചും

കുന്ഹികൊലുസ്സുകൾ ഒച്ചവെച്ചും

അമ്മയുടെ അരികിൽ താരാട്ടുകേൾക്കാൻ

ഓടിയണയുന്നകുഞ്ഞനുജൻ

എൻ സ്വന്തം കുഞ്ഞുവാവ

ഇളം കണ്ണിൽ കാണ്മാഴിയിട്ടും നെറ്റിയിൽ

വലിയൊരുപൊട്ടുതൊട്ടും

കവിളിലെ  പൊട്ടിന്റെ ഭംഗികൾ കാണിച്ച

അമൃതിനേക്കാൾ മാധുര്യം തൂകുന്ന

പുഞ്ചിരിമായവൻ ഒരായിരം

ചുംബനം നൽകാൻ ഓടിയണയുന്ന

എന്റെ കുഞ്ഞനിയൻ

എൻ സ്വന്തം കുഞ്ഞുവാവ

## വൈകിപ്പോയി                    സങ്കീർത്തന .വി.പി.9 എ

എപ്പോഴോ അറിയാതെ നീ എൻ കൂട്ടുകാരിയായി

ഇപ്പോഴും പിരിയാതെ നീ എൻ ഓർമ്മയായി

നിൻ രൂപം കണ്ണുകൾ പിരിഞ്ഞുപോയി

എന്നാലും മനസ്സിൽ നിൻ രൂപം മായാതെ തന്നെ

ഒരുമിച്ചിരുന്നു അന്ന് നമ്മൾ നമ്മുടെ വിദ്യാലയത്തിൽ

ഒന്നകന്നിരുന്നു നീ എന്നെ ആ വിദ്യാലയത്തിൽ

പാഠമായിരം പേടിച്ചപ്പോളും നമ്മൾ

പാട്ടുകൾ പാടി രസിച്ചപ്പോഴും

ഒരു പാത്രത്തിൽ ഭക്ഷണം കഴിച്ചപ്പോളും

എൻ മിട്ടായി പകുത്തപ്പോളും

അങ്ങിനെയങ്ങിനെ പലപ്പോഴും

പറയാമായിരുന്നില്ലേ ഒരിക്കൽ

നിനക്ക് എന്നോടത്

ഞാൻ വിടചൊല്ലുമ്പോൾ മാത്രം

നീ കരഞ്ഞു എന്നോട് പറഞ്ഞു

എനിക്ക് നിന്നെ വേണമെന്ന്

നീ പോകരുതെന്ന്

ഇത് നീ മുൻപ് അരിചിരുന്നെങ്കിൽ

ഞാൻ ആ ബാല്യം മനോഹരമാക്കിയേക്കും

രണ്ടു സഹായധരങ്ങളെപോലെ

വൈഖരി

ഞാൻ അറിയാതെ പോയി

നിനക്ക് എന്നോട് ഇഷ്ടമുണ്ടെന്നറിയാൻ

ഞാൻ വൈകിപ്പോയി

നിനക്ക് ഇംനിയോട് ഇത്രയേറെ

ഇഷ്ടമുണ്ടെന്നറിയാൻ

ഞാൻ വൈകിപ്പോയി

എൻ കൂട്ടുകാരി .

മാർത്താണ്ഡൻ സങ്കീർത്തന .വി.പി.9 എ

പുലരിയിൽ കാണാം വിഹായസ്സിൽ

സുസ്മേരവദനൻ വിരാചിക്കുന്ന മാർത്താണ്ഡനെ

അത്യുന്നതിയിലാണെങ്കിലും നീ സ്പരിരിക്കുമ്പോൾ

നിൻ കിരണം എന്നിൽ തട്ടുംന്നു

നിന്നെ ചിലർ ഉടയോനായി കരുതുന്നു

ചിലർ പ്രപച്ചതിന്റ്രചനായി കാണുന്നു

സന്ധ്യ വിളക്ക്വിഹായസ്സിന്ടെ അങ്കണത്തിൽ
കൊളുത്തിയതായി തോന്നുന്നു
രജനി കടന്നുവരുമ്പോൾ നീ

എവിടെപ്പോയൊളിക്കുന്നു മാർതാണ്ടാ.

## മദ്യം            സങ്കീർത്തന വി പി



പണത്തേക്കാൾ നിധിയാണ് മദ്യം

പലഹാരത്തിനേക്കാൾ മധുരമുള്ള

പുരുഷരെ പാമ്പാക്കി മാറ്റുന്ന മദ്യം

കാലുകളെ നാഗലാക്കുന്ന മദ്യം

കുബിടുംബത്തെ തമ്മിൽ തെറ്റിക്കുന്ന മദ്യം

അമൃത് പോലുള്ള മദ്യം

അമിതമായ വിഷയമാകുന്ന മദ്യം

കരളിനെ അരിക്കുന്ന മദ്യം


മനുഷ്യനെ കൊല്ലുന്ന കൊലപാതക മദ്യം

ജീവന്റെ ജീവനാകുന്ന മദ്യം

മദ്യം അകത്തുചെന്നാൽ

മനുഷ്യനെ മൃഗമാക്കുന്ന മദ്യം

കുടിയണ്ടേ കൂടപ്പിറപ്പു മദ്യം.



വൈഖരി

## അനാഥയുടെ വിഷുപ്പുലരി

**സങ്കീർത്തന .വി പി**

മേടമാസം പുലരി വരികയായി
എൻ മനസ്സിൽ ഒരു ചിത്രം പോലെ

സൂര്യ പ്രകാശത്തിൽ സ്വർണ കണിക്കൊന്ന
മുറ്റത്തു വിരിജ് നിൽപ്പുണ്ട്

പക്ക്ഷേ കണിവെച്ചിടാൻ എൻ അമ്മയില്ല
കോടി എടുക്കാൻ അച്ഛനില്ല

അങ്കണത്തെ മണ്ണിൽ കിടന്നുറങ്ങുന്ന
അച്ഛനും ഇംസ്വന്ത അമ്മയും

പിന്നെ അകത്തെ കിടക്കയിൽ കുറച്ചുകൊണ്ടുറങ്ങുന്ന
എൻ മുത്തശ്ശിയും
ഏകനായി കേഴുന്ന വിഷുപ്പക്ഷിയും
അനാഥയായി കേഴുന്ന ഞാനും

അന്നൊരു മേട രാവിൽ അമ്മക്കൊപ്പം
അമ്മതൻ കൈയും നയനവും ഒന്നിച്ചു

അമ്പാടിയിലെ ശ്രീകൃഷ്ണന് മുന്നിൽ
അച്ഛനമൊത്തു ഞാൻ കണികണ്ടിരുന്നു

അഷ്ടമായ സൂര്യൻ മറയും മുൻപ്
അച്ഛനമമ്മയും അസ്തമിച്ചു

മുറ്റത്തെ കണിക്കൊന്നയിൽ ഏകനായി
വിഷുപ്പക്ഷി അപ്പോഴും കരഞ്ഞിരുന്നു

സങ്കീർത്തന .വി പി

# INTERNET CHILDHOOD

Now the childhood full of internet

andchildren living in the net

the bads of internet is these

children eating mobile phones

and goble the charge always

their brain is full of whatts app chats

no space of studies

so brain are not work enough

now children are mobile adaptors

they want only internet,only internet

the reason of this they are newgens

this adicters only foolishness

but the internetis always helpfull

the best of internetis these

it helps for good education

it helps for projectsseminars

today we cant live without internet

but accept this good,aviod this bads

internet can change ourlives



so lets join hands for good future.

# ഒരോർമ്മ അൻസില സി വി .8 എ

നന്മ്മയായെപ്പോല്യമെൻമുന്നിലായി

കത്തിജ്വലിക്കുന്ന പൊട്ടിത്തെറിക്കുന്ന

ഉൾക്കാമ്പിനുള്ളിൽ സ്നേഹമൂറുന്ന

ഒരേഒരു മുഖമെന്നദ്യാപകൻ

എൻ അദ്യാപകൻ

നേർവഴി കാട്ടുന്ന ദൈവവും

ഞാൻ പഠിച്ചെടുത്ത പുസ്തകവും

എല്ലാം തിളയ്ക്കുന്ന ആ വഴികൾ

കേട്ടില്ല ഞാൻ ആ മൊഴി

കണ്ടില്ല ഞാൻ ആ മുഖം

ഏതോ അപരിചിതനായ വന്നു

എൻ മനസ്സിനെ വിലക്ക് വാങ്ങി

ഇണക്കവും പിണക്കവും

ഒരുപോലെ കളിയായി

കണ്ടൊരേന അദ്ധ്യാപകൻ

ഒടുവിൽ വിദ്യാലയ പടി ഇറങ്ങുമ്പോൾ

വേണ്ടുപൊട്ടുന്ന മനസുമായി

വന്നുനിന്നെൻമുന്നിലെന്

അദ്ധ്യാപകൻ

പൊട്ടിക്കരഞ്ഞു ഞാൻ ഉള്ളിന്റെയുള്ളിൽ

## വൈഖരി

പൊട്ടിച്ചിരിച്ച അവർക്കു മുന്നിൽ

കെട്ടിപ്പിടിച്ചെന്നോട്ട ചൊല്ലി

പുസ്തകമാവുന്ന നിന്നെ ഞാൻ മുമ്പേ

പഠിച്ചിരുന്നു

ഗുരുവന്ദനം തീർത്തൊരെൻ നെറ്റിയിൽ

ചാലിച്ചെഴുതിയ

കുംകുമമമാണെനധ്യാപകൻ

മനുഷ്യ ഓർക്കുക നീ


മണ്മറഞ്ഞ നിൻ ഒരോർമ്മ

നന്മ്മയായെപ്പോലുമെൻമു

ഗുരുവിനായി സമർപ്പിക്കുക

അറിവിനാൽ തീർത്ത ഒരു പുത്തൻ

ഒരു പുത്തൻ വെളിച്ചത്തെ.



വൈഖരി

എന്റെ അദ്ധ്യാപകൻ ശ്രീനന്ദ പ്രകാശ് 7 സി



സെപ്റ്റംബര് 5 അധ്യാപകദിനം-
ഓർക്കുന്നില്ലേ കൂട്ടുകാരെ!
മറക്കുവാൻ പാടില്ല ,

ഈ ദിനമൊരുനാളും ,
ഓർമ്മയിൽ സൂക്ഷിച്ചിടേണ്ട ദിനം.
മാതാ ,പിതാ ,ഗുരു ,ദൈവം -

മൂന്നാം സ്ഥാനം ഗുരുവിനു .
നന്മയും തിന്മയായും വേര്തിരിച്ചീട്ടുവാൻ ,
ഗുരുനാഥനോളം വരുമോ ആരും!
നല്ലൊരു നാളെക്കായി -
വിജയ പടവുകൾ -

ഒന്നൊന്നായി മുന്നേറാൻ -
കര്മനിരതരായി കൂടെയുണ്ട് .
ഗുരുപാദങ്ങളിൽ പ്രണമിക്കുന്നു ഞാൻ

ദൈവത്തെ അറിയുവാൻ -
ലോകത്തെ അറിയുവാൻ
വഴികാട്ടിയാവുന്നു അധ്യാപകർ

ഞങ്ങളെ എന്നെന്നും -
നേർവഴി നടത്തുന്ന ശ്രീനന്ദ പ്രകാശ് 7 സി
ഗുരുപാദങ്ങളിൽ പ്രണമിക്കുന്നു ഞാൻ

ഗുരുപാദങ്ങളിൽ പ്രണമിക്കുന്നു ഞാൻ
ഗുരുപാദങ്ങളിൽ പ്രണമിക്കുന്നു ഞാൻ

# പ്രളയമഴ

ആര്യനന്ദ .കെ 7 സി



ആർത്തലച്ചു പെയ്യുന്നഈ മഴയെ ,
എനിക്ക് പേടിയാണ് .

കാർകൂന്ത ലഴിച്ചിട്ടു കണ്ണുരുട്ടുന്ന
യക്ഷിയുടെ രൂപമാനോയീ മഴയ്ക്ക് ?

കര കവിഞ്ഞൊഴുകുന്ന പുഴകൾക്കുമപ്പുറം
ഒരു കടലായി മാറിയിക്കേരളം .

കൊടുങ്കാറ്റടിക്കുമ്പോൾ ഇളകി മറിയുന്ന
തിരകളും ,

കടുപ്പത്തിലുള്ള കട്ടൻ ചായപോലെ
കലങ്ങി മറിഞ്ഞ പുഴകളും ,

പ്രളയത്തിന്റെ സാക്ഷി .
ഒരിക്കലും മരിക്കാത്ത സാക്ഷി .

നനഞ്ഞു കുതിർന്ന പാഠപുസ്തക -
താളുകൾ മറിച്ചു,

വിലപിക്കുന്ന  വിദ്യാർത്ഥികൾ .
ഉറ്റവരെ നഷ്ടപ്പെട്ടു കണ്ണീർ വാർക്കുന്ന

കേരളീയർക്കായി ഒരുങ്ങുന്നു നവകേരളം

ഹിന്ദുവും ,ഇസ്‌ലാമും ,ക്രിസ്ത്യനും മല്ലാതെ

മനുഷ്യനെന്നുള്ള മതത്തിന് കീഴിൽ .

വൈഖരി

## വിളിക്കാതെ വരുന്ന അതിഥി ആര്യനന്ദ .കെ 7 സി

അന്ന് ,അവൻ വന്ന നാൾ
വീട് ഒരു സ്വർഗം പോലെയായിരുന്നു.

ശബ്ദകോലാഹലങ്ങളാൽ നിറഞ്ഞ
ഒരു കുഞ്ഞു സ്വർഗം.

ഞങ്ങളാരെന്നറിയാതെ അവൻ
കരഞ്ഞപ്പോൾ എന്റെ മനസ് പിടഞ്ഞു .

അമ്മേ എന്നും അച്ഛാ എന്നും
വിളിക്കാനാവാതെ അവൻ കരഞ്ഞപ്പോൾ
എല്ലാരും ഉത്സാഹ ലഹരിയിലായിരുന്നു
എന്തിനു എന്റെ വീട്ടുപോലും,

അന്ന് ചുവടുവച്ചു .
പക്ഷെ ഇന്നവനില്ല ,
അവന്ടെ ഓര്മ മാത്രം ,
എന്നവൻ കരഞ്ഞു

ഇന്ന് ഞങ്ങൾ കരഞ്ഞു.
മരണം അവനെ തൊട്ടുതലോടിയപ്പോൾ

ഞങ്ങളിൽ ദുഃഖത്തിന്റെ ചുഴലിക്കാറ്റ്
ആഞ്ഞടി ക്കുകയായിരുന്നു.

മരണത്തിന്റെ തിരമാലകളിലൂടെ
അവന്ടെ അടുത്ത എത്താൻ

ഞാൻ ആഗ്രഹിച്ചു.
സന്തോഷം സങ്കടത്തിലേക്കും,

സങ്കടം ഓര്മകളിലേക്കും
മായുന്ന ആ നിമിഷം
ഞാനാഗ്രഹിച്ചു.
ആര്യനന്ദ .കെ 7 സി

## വൈഖരി അനാഥയായ ബാലിക

ആര്യനന്ദ .കെ 7 സി

ഇത് ദു:ഖ മഴയോ ,സ്നേഹ മഴയോ ?
അതോ കണ്ണീർ വാർക്കുന്ന സ്വപ്ന മഴയോ ?
കാര്കൂതളഴിച്ച നൃത്തം വെക്കുന്ന
യക്ഷിയുടെ രൂപമാണോ ഈ മഴയ്ക്ക്?
മഴയുടെ സ്പർശം സ്നേഹസ്പര്ശമാണോ !
കുഞ്ഞു നാളിലെ എന്റെ കരച്ചിൽ
മഴയിലൊതുങ്ങിയോ?
മഴത്തുള്ളിയുടെ സ്പര്ശത്താല് എന്റെ ,
മനസ്സ് അവൾ കഴുകിയെടുത്തു .

അരുവിയിലോടെ ഒഴുകി അവൾ
എന്റെയടുത്തു വന്നു.
മഴയുള്ള നാളുകൾ
എനിക്ക് പരിചിതമായിരുന്നു.
എന്നാൽ മഴയില്ലാത്ത നാളുകളിൽ
എനിക്ക് എന്തോ നഷ്ടപ്പെട്ടിട്ടുണ്ട്.
ഒരു ജീവനോ സ്നേഹസ്പർശമോ
എന്തോ ഒന്ന് !
അന്നത്തെ മഴയിൽ എനിക്ക്
ഒന്ന് നഷ്ടപ്പെട്ടു.
ഒറ്റയ്ക്ക് വന്നിരുന്ന എന്റെ കൂടെ
കൂട്ടിനായി വന്ന എന്റെ കൂട്ടുകാരനെ
അവൾ ആരോടും പറയാതെ
അകലങ്ങളിലേക്ക് കൊണ്ടുപോയി.
ഒരിക്കലും കണ്ടെത്താൻ കഴിയാത്ത
ഒരു വിദൂര സ്ഥാലത്തേക്കു.
അവനെ നഷ്ടപ്പെട്ട രാത്രി
മഴ വീണ്ടും വന്നു.
എന്നെയും കൊണ്ട് അവന്ടെ -
അടുത്തേക്ക് അവൾ പറന്നിറങ്ങി.


വൈഖരി **പ്രകൃതിയുടെ രോദനം** ആര്യനന്ദ .കെ 7 സി

കൊട്ടും ചൂടാണ് വെട്ടുന്നു ,
കിണറും നോട്ട കണ്ണുകളും
കിടാവിന്നായി ചുരത്തേണ്ട

പാലും താരാട്ടു കൊഞ്ചലും,
ആര് വറ്റിച്ചതീ വറ്റാക്കികിണറീ
കാറ്റുപോയ്യികയെ

ആരുകത്തിച്ചതീപുന്നെല് -
പാദത്തിൻഹരിതാഭയെ
ലോറിയിൽ തിക്കിയേറ്റുന്ന
കന്നുകാലികൾ എന്ന പോൽ

അരീ മലകളെ കൊന്നു -
കൊണ്ടുപോകുന്നു ചന്തയിൽ ?


शुभागमन (कविता)

स्नेहा साइकिया
10 A.

कोई आ रहा था
नजरों पे छाया था आत्मविश्वास
कदम था एक से एक बेहतर
तोड रहा था वह
दीवारे जो आँसू से बनी थीं।
काली घटाओं के बीच से
फैल रहा था सुनहली धूप
गुमसुम खडे चेहरे पर
फैल रहा था
एक अधूरे चाँद की रोशनी।
बीते जो कल
था वह बडी मुश्किल
भूल नहीं सका कोई
खोए हुए मंजिलें
तो क्या हुआ ?
कल आ गया है
नई मंजिलें बनाने की
नये साल का जन्म था
साथ - साथ
नई जिंदगी थी कई लोगों की।
साथ चलने लगे सब
निगाहों पर सजी थी एक ही उम्मीद।
तब दिखाई दी
उन चेहरों पर
एक पूरे चाँद की रोशनी।
उस चाँदनी में चल रहे थे
कई सपने, कई चाहतें।

## അനന്യ പി

## ജലസംരക്ഷണം

ഐക്യ രാഷ്ട്ര സംഘടനാ മാർച്ച് 22 ലോക ജലദിനമായി ആചരിക്കുന്നു

ജലവിനിയോഗത്തിന് ടെയും സംരക്ഷണത്തിന്റെയും പ്രാധാന്യം ജനങ്ങളിൽ

എത്തിക്കുന്നതിനാണ് ഈ ദിനം ആചരിച്ചു വരുന്നത് .ജലം അമൂല്യമാണെന്ന തിരിച്ചറിവിലൂടെയേ അതിന് ടെ ഉപയോഗത്തിൽ ശ്രദ്ധ ഉണ്ടാകുവാൻ പറ്റൂ .ജലസംരക്ഷണ

പ്രവർത്തനങ്ങൾ വീട്ടുകളിൽ നിന്നെ തുടങ്ങണം .

ഇനിയൊരു ലോകായുന്ധമുണ്ടായാൽ അത് ജലത്തിന് വേണ്ടിയുള്ളതായിരിക്കും .ഏറ്റവും അമൂല്യമായ സമ്പത് ജലമാണ് ജലത്തിൽ നിന്നാണ് ജീവൻ ഉണ്ടായത് .ആ ജലം ഇന്ന് അപൂർവ്വവസ്തുവായിമാറി കൊണ്ടിരിക്കയാണ് .പണമുള്ളവർക്കുമാത്രം ജലമുപയോഗിക്കാൻ കഴിയുന്ന ഒരു പുതിയ കാലം വന്നു കൊണ്ടിരിക്കുന്നു .

ഏതാനും ദശകങ്ങൾക്ക് മുമ്പേ വരെ ജലപ്രശനത്തിന്ടെ ഗൗരവം നാം തിരിച്ചരിചിരുന്നില്ല .കേരളത്തിൽ അപൂർവം ചില സ്ഥലങ്ങളിൽ മാത്രമേ വരൾച്ച ദുരന്തമായി വന്നിരുന്നുള്ളൂ .നഗരവൽക്കരണത്തിലേക്കുള്ള തിരക്ക് പിടിച്ച ഓട്ടത്തിനുമുന്പ് നാട്ടിന്പുറങ്ങൾ ജലത്താൽ സമൃദ്ധമായിരുന്നു .ധാരാളമായി ലഭിക്കുന്ന മഴ ,അവയെ അദൃശ്യ സംഭരണികളായി ശേഖരിക്കുന്ന കുന്നുകൾ ,വെള്ളത്തെ പിടിച്ചു നിർത്തുന്ന വയലുകൾ

ആഴങ്ങളിലേക്ക് കിനിജിറങ്ങി ഭൂ ഗർഭത്തിൽ വിശാലമായ ജലപ്പരപ്പുകൾ തീർക്കുന്ന മഴ തുള്ളികൾ ,പുഴയും തൊട്ടുമെല്ലാം ജലസ്രോതസ്സായി രുന്ന ആ കാലം ഓര്മ മാത്രമായി മാറുന്നു .

കുന്നുകൾ ഇടിച്ചു നിര്ത്താനും വയലുകൾ നികത്താനും നിമിഷങ്ങൾ മതി .പക്ഷെ പ്രകൃതിയുടെ ജലസംഭരണിയാണ് ഇതിലൂടെ നഷ്ടപ്പെടുന്നത് .മഴവെള്ളത്തിന്ടെ നല്ലോരുപങ്ക് ഭൂമിയിലേക്ക് താഴാതെ ഒഴുകി കടലിൽ എത്തുന്നു .മഴ മാറുമ്പോഴേക്കും വരൾച്ച അനുഭവപ്പെടുന്നു .

ജനപ്പെരുപ്പം ,നഗരവൽകരണം എന്നിവയെല്ലാം ആദ്യം ബാധിക്കുന്നതു ജലസ്രോതസ്സുകളെയാണ് .എണ്ണിയാൽ ഒട്ടുഗൈതത്ര ഉൽപ്പന്നങ്ങളെ കൊണ്ട് മാർക്കറ്റ് കീഴടക്കാൻ മത്സരിക്കുന്നവർക്കു ഒരു തുള്ളി വെള്ളംപോലും കൃത്രിമമായി നിർമിക്കാൻ ആവില്ല .അതുകൊണ്ടുതന്നെ സാധാരണക്കാർ വെള്ളം കിട്ടാതെ പിടയുമ്പോൾ സന്തോഷിക്കുന്ന ചില വ്യാപാരികൾ ഉണ്ട് .വെള്ളം കുപ്പിയിലാക്കി പാലിന്റെ അതെ വിലക്ക് വിൽക്കുന്ന വ്യവസായം ഇന്ന് വർധിച്ചു വരുന്നു .

കുന്നിടിക്കൽ ,വയൽ നികത്തൽ ,വനനശീകരണം ,മലിനീകരണം ,കീടനാശിനി  പ്രയോഗം ,മുതലായി മനുഷ്യൻ പ്രകൃതിക്കു ഏൽപ്പിക്കുന്ന പേരുകളാണ് .പ്രകൃതിധി വിഭവങ്ങൾ വിൽക്കാൻ അനുമതി നൽകുന്നതും ,ജലചൂഷണം നടത്തുന്ന വിദേശ കമ്പനികൾക്കും ചതുപ്പ നിലം നികത്തുന്നവർക്കും എതിരെ നടപടി എടുത്തെങ്കിലും മാത്രമേ ജലസ്രോതസ്സുകൾ നമുക്ക് ഫല പ്രദമായി സംരക്ഷിക്കാം കഴിയൂ .

വൈഖരി

## പ്രതീക്ഷയുടെ പുൽനാമ്പ്. രേവതി 9 സി

ഈ കഴിഞ്ഞ മാസത് കേരളത്തെയിലൊട്ടാകെ പിടിച്ചുലച്ച പ്രളയമെന്ന മഹാ വിപത്തും ജനങ്ങൾക്ക് കണ്ണീർ മാത്രം സമ്മാനിച്ച് കടന്നു പോയി. ജീവിതത്തിലെ ഇരുളറയിൽ കഴിയുന്ന കേരളീയർ സ്വൻതം വീടും പറമ്പും രേഖ കളും ,ബന്ധുക്കളും എല്ലാം നഷ്ടപെട്ട അവസ്ഥയിലാണ് .കേരളത്തിന്റെ സന്തോഷം ഊതിക്കെടുത്തിയ കൊടുങ്കാറ്റായി പ്രളയം മാറി .ഒരു പതിറ്റാണ്ടിനു ശേഷം ആർത്തലച്ചു പെയ്യിത്ത മഴ ജനങ്ങൾക്ക് ഒട്ടനവധി പ്രയാസങ്ങൾ മാത്രം ബാക്കിയാക്കി .എന്ത് ചെയ്യണമെന്നറിയാതെ ജനങ്ങൾ നെട്ടോട്ടമോടി .നഷ്ടനാണ് മാത്രം സമ്മാനിച്ച ഈ വര്ഷം ഒരു കേരളീയനും മറക്കാൻ കഴിയില്ല .പൂക്കൾ ചിരിച്ചു കൊണ്ടിരിക്കുകയായിരുന്നു .കുട്ടികൾ ആർത്തുല്ലസിക്കുകയായിരുന്നു .അമ്മമാർ വീടിന്ടെ ദീപം പോലെ

പ്രകാശിക്കുകയായിരുന്നു .എങ്ങും സന്തോഷം ,സമാധാനം ,എല്ലാം നിമിഷ നേരം കൊണ്ട് മാറ്റി മറിക്കപ്പെട്ടു .കനത്ത കാറ്റും മഴയും ഉരുൾപൊട്ടലും കൊണ്ട് എല്ലാം ജനങ്ങൾക്ക് തീരാ നഷ്ടമായി.

കേരളത്തിലെ ആബാലവൃദ്ധം ജനങ്ങളും ഇന്ന് ആശ്വാസത്തിനിടെ വാക്കിലേക്ക് നീങ്ങികൊണ്ടിരിക്കയാണ് .സഹായ ഹസ്തങ്ങൾ ഒട്ടേറെ പേർക്ക് പുതു ജീവൻ നൽകി എല്ലാവരും ഒറ്റ കെട്ടായി സസ്നേഹം ഒപ്പമുള്ളവരെ അഴകടലിൽ നിന്നും ആശ്വാസ തീരത്തു എത്തിച്ചു .കേരളത്തിലെ ആൾക്കാർ മാത്രമല്ല സഹായത്തിനു എത്തിയത് മറിച്ചു ഇന്ത്യയുടെ പല കോണിലുള്ളവരും സഹായിക്കാൻ സന്മനസ്കരായി .ഇന്ന് കേരളീയർ പുനരധിവാസത്തിന്ടെ അവസാനഘട്ടനങ്ങളിലേക്കു ആഗമിച്ചുകൊണ്ടിരിക്കുന്നു.

കേരളസർക്കാർ ധാരാളം സഹായം ചെയ്യ്തു .അവർക്കു പ്രതീക്ഷ പോലും ഉണ്ടായിരുന്നില്ല അവരുടെ ചിന്തകൾ തിരിച്ചുവരില്ല എന്നായിരുന്നു .പക്ഷെ സ്നേഹം മരിക്കില്ല എന്നതുപോലെ ഭൂരിഭാഗം പേരയും ഇന്ന് സുരക്ഷിതരായി എത്തിക്കാൻ നമുക്ക് കഴിഞ്ഞു .പ്രളയത്തിന് ഇരയായവർ ഇന്ന് അല്പം സന്തോഷം അനുഭവിച്ചു കൊണ്ടിരിക്കുന്നു .അവരിൽ ആനന്ദം വീണ്ടും ഒരു പുഴയായി ഒഴുകാൻ തുടങ്ങിയിരിക്കുന്നു .പ്രതീ ക്ഷകൾ മുളപൊട്ടി വരക്കുന്നു .അതെ അവരിപ്പോൾ ജീവിതത്തെ പുനർ നിർമ്മിക്കുകയാണ് .അവരുടെ ജീവിതത്തിൽ ആനന്ദം നിറയുന്ന കാലം അടുത്ത് വരുമെന്ന് പ്രതീക്ഷിക്കാം .

വൈഖരി




പ്രവർത്തന നിരതമായ

**2018 -2019 അധ്യയന വർഷം**

ചിത്രങ്ങളിലൂടെ ......




ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്




Little KITEs

GOVERNMENT OF KERALA
DEPARTMENT OF GENERAL EDUCATION

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION [KITE]

Certificate of Registration

REGISTRATION No. LK/2018/14018

This is to certify and grant approval to

14018 - GVHSS Edayannur, Thalassery (DEO)

of Kannur District as a unit of LITTLE KITEs.

15.05.2018

Office Seal

Kerala Infrastructure and Technology for Education
GOVT OF KERALA

ANVAR SADATH. K
Vice Chairman & Executive Director


സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എച്ച്.എസ്.വിഭാഗം മോഹിനിയാട്ടത്തിൽ എ ഗ്രേഡ് നേടിയഎ.അഞ്ജന. ജി.വി.എച്ച്.എസ്.എസ്., എടയന്നൂർ

# നടന വിസ്മയം .......അഞ്ജന


എ.അഞ്ജന. എച്ച്.എസ്. മോഹിനിയാട്ടം. (എടയന്നൂർ ജി.വി.എച്ച്.എസ്.എസ്)

റിപ്പോർട്ട്: സി.സരിത്, അനീഷ് പാതിരി, അഭിലാഷ് പിണ, എ.പ്രദീപ് കുമാ
ചിത്രങ്ങൾ: ലതീഷ് പൂവ്വത്ത, റിദിൻ ദാമു



സ്കൂൾ ഫുട്ബോൾ ടീം



സംസ്ഥാന സ്കൂൾകലോത്സവത്തിൽ
എ ഗ്രേഡ് നേടിയ
അഞ്ജനയെ സ്കൂൾ
അസ്സംബ്ലിയിൽ
അനുമോദനം



# പ്രളയാനന്തരം ചെലവുചുരുക്കി നാടകവേദി

എച്ച്.എസ്. വിഭാഗം മലയാള നാടകമത്സരത്തിൽനിന്ന്

തലശ്ശേരി ▸ ഉത്തര കേരളത്തിലെ നാടകപ്രവർത്തകർ ഉറ്റുനോക്കുന്ന മത്സരമാണ് കണ്ണൂർ ജില്ലയിലെ സ്കൂൾ കലോത്സവ നാടകമത്സരം. സംസ്ഥാനത്ത് കടുത്ത മത്സരം കാഴ്ചവെക്കുന്ന സംവിധായകർ മാറ്റുരക്കുന്ന മത്സരവേദി കൂടിയാണ് കണ്ണൂർ ജില്ലയിലേത്. പരീക്ഷണങ്ങൾ പലതും ഇവിടെ പിറവിയെടുക്കാറുണ്ട്. ചെലവു കൂടിയ ഒരിനമായി നാടകം മാറിയിട്ട് വർഷങ്ങൾ കുറച്ചായി. അരങ്ങൊരുക്കങ്ങൾക്കായി ചെലവാകുന്നത് പതിനായിരങ്ങൾ. സംവിധായകൻെറയും മറ്റ് സാങ്കേതികപ്രവർത്തകരുടെയും പ്രതിഫലത്തുക കൂടിയാകുമ്പോൾ ചെലവ് ലക്ഷത്തിനപ്പുറം. എന്നാൽ ഇത്തവണ സ്ഥിതി മാറി. പ്രളയാനന്തര കലോത്സവത്തിലെ ചെലവുചുരുക്കൽ നാടക വേദിയിലും പ്രതിബിംബിക്കുകയാണ്. അവതരിപ്പിച്ച നാടകങ്ങളിലേറെയും അരങ്ങൊരുക്കങ്ങളിൽ മിതത്വം പാലിച്ചു. എന്നാൽ ഏതാനും എണ്ണം ഒഴിച്ചാൽ നാടക മത്സരത്തിന് പൊതുവേ നിലവാരം കുറഞ്ഞെന്നു[illegible] പുതിയ നാടകങ്ങൾ കാര്യമായി വേദിയ[illegible]ലെത്തുന്നില്ലെന്നും പരാതി ഉയരുന്നു[illegible]

പ്രളയവും പ്രകൃതിയുമെല്ലാം പ്ര[illegible]യമായ നാടകങ്ങൾ അരങ്ങിലെത്[illegible] വൈക്കം മുഹമ്മദ് ബഷീറിൻെറ സ്[illegible]ണമാലയുടെ നാടകാവിഷ്കാരം ശ്രദ്ധേ[illegible]മായി. ചിറക്കര വി.എച്ച്.എസ്.എസി[illegible] വേദിയിലായിരുന്നു മത്സരം. ശബ്ദ[illegible] വിധാനത്തിലെ പാളിച്ച മത്സരാർഥ[illegible]ളെ വലച്ചു.



ജില്ലാ തല നാടകമത്സരം പത്രത്താളുകളിൽനിന്ന്.......................

സ്വാതന്ത്ര്യദി

നാഘോഷത്തിൽ നിന്ന്.



# വൈഖരി



ശ്രദ്ധ
വിവിധ
ശാസ്ത്ര
പ്രവർത്തനങ്ങൾ









ജിഷ്ണു സി
യുടെ
ചിത്രം .....










മലയാളം ...ഹിന്ദി.....പുസ്തക പ്രദർശനം














## ചക്ക മഹോത്സവം സംഘടിപ്പിച്ചു

**മട്ടന്നൂർ:** എടയന്നൂർ ഗവ.വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ആട്സ് ക്ലബിന്റെയും വർക്ക് എക്സ്പീരിയൻസിന്റെയും ആഭിമുഖ്യത്തിൽ ചക്ക മഹോത്സവം സംഘടിപ്പിച്ചു.

എൽപി, യുപി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലെ നൂറോളം വിദ്യാർഥികളാണ് മത്സരത്തിൽ പങ്കെടുത്തത്. നൂറ്റിഅമ്പതോളം വിഭവങ്ങൾ ചക്ക മഹോത്സവത്തിൽ ഒരുക്കിയിരുന്നു. കീഴല്ലൂർ പഞ്ചായത്ത് മെമ്പർ സി. ജസീല ചക്ക മഹോത്സവം ഉദ്ഘാടനം ചെയ്തു. മുഖ്യാധ്യാപിക ഉഷ കരിയിൽ അധ്യക്ഷത വഹിച്ചു.

പ്രിൻസിപ്പൽ വി.കെ.സജീവൻ, ടി. നിഷാദ് എന്നിവർ സംസാരിച്ചു. കെ.ദേവൻ, ടി.വി ഗിരിജ, എന്നിവർ വിധികർത്താക്കളായി.

ചക്ക മഹോത്സവത്തിൽ പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികൾക്കും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് ചാലോട് യൂനിറ്റ് സമ്മാനങ്ങൾ നൽകും.










കൗൺസിലിങ് ക്ലാസ്

# വൈഖരി














കേരളാ ഫയർ ആൻഡ് സേഫ്റ്റി വിഭാഗത്തിന്റെ ബോധവൽക്കരണ സെമിനാറും പ്രകടനവും......





ലിറ്റിൽ കൈറ്റ്സ്
പ്രാഥമിക ക്യാമ്പ് ..
രജിസ്ട്രേഷൻ
സർട്ടിഫിക്കറ്റും
ബാഡ്ജും വിതരണം








**സ്കൂൾ പൗൾട്ടറി ക്ലബ്**
**ഉത്ഘാടനവും**
**മുട്ടക്കോഴി വിതരണവും**






# വൈഖരി

എക്സ്‌യിസ് ഡിപ്പാർട്ട്മെന്റിന്റെ ലഹരിവിരുദ്ധ ക്ലാസ്





ചാന്ദ്ര ദിന വീഡിയോ പ്രദർശനം എല്ലാ ക്ലാസ്സിലും ഒന്നിച്ച്







# വൈഖരി



ഗൃഹ
സന്ദർശനം



വിമാനത്താവള
സന്ദർശനം

വിളവെടുപ്പ്









പ്രളയ
സഹായം
എൻ സി സി
വക





തുണി
സഞ്ചി
വിതരണം




നിർധന
കുടുംബ
സഹായം








e






ക്ലാസ്
ലൈബ്രറി
യിലേക്ക്




ഐ .ടി
ക്വിസ്






സ്വച്ഛ് ഭാരത് വിശേഷാൽ അസംബ്ളി




കുട്ടികളുടെ ഇംഗ്ലീഷ് അസംബ്ളി

## കണ്ണൂർ വിമാനത്താവള വിളംബര ഘോഷയാത്രയിൽ സ്കൂളിന്റെ സാന്നിധ്യം
















HEADMISTRESS
ഞങ്ങളുടെ
അധ്യാപകർ
GVHSS EDAYANNUR SSLC BATCH(2017-18)